നിയമ സംസ്കാര കേന്ദ്രത്തിന്റെ

3.00 ക.

ജനനീതി

# കയ്യേറ്റങ്ങൾക്കുമുണ്ട് കാലൻ



**കയ്യേറിയ ഭൂമികൾ വീണ്ടെടുക്കുന്നതിന്റെ ഭാഗമായി മൂന്നാറിലെ സി.പി.ഐ. ഓഫീസിലേക്കുള്ള പ്രവേശനമാർഗ്ഗം പൊളിച്ചുമാറ്റുന്നു.**

123

ജൂലൈ 2007



മൂന്നാർ
വാഗമൺ

ജനനീതി

ജൂലൈ 2007
**123**

പത്രാധിപർ:

**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:

**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എസ്. മനോജ്കുമാർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**

**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**

Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

# ഭൂമി കയ്യേറ്റവേട്ട മൂന്നാറിൽനിന്ന് വാഗമണ്ണിലേക്ക്

സർക്കാർ ഭൂമി കയ്യേറി കൈവശം വച്ചു കൊണ്ടിരിക്കുന്നവരിൽനിന്ന് അത് വീണ്ടെടുക്കാനുള്ള ശ്രമം, പ്രതീക്ഷിച്ചതുപോലെതന്നെ, വലിയ എതിർപ്പിന് ഇടയാക്കിയിരിക്കുകയാണ്. ആ എതിർപ്പ് ഉളവാക്കിയിരിക്കുന്നത് ഭരണമുന്നണിയിലെ ഒരു കക്ഷിയിൽനിന്നുതന്നെയാണെന്നത് വലിയൊരു വിരോധാഭാസമായി തോന്നുന്നു. ജനങ്ങളുടെ ഭാഗത്തുനിന്നുകൊണ്ട് ജനകീയ പിന്തുണയോടെ സാമ്രാജ്യത്വ - മുതലാളിത്ത നിക്ഷിപ്ത താൽപര്യക്കാർക്കെതിരെ പോരാടാൻ ലഭിച്ച ഒരു സുവർണ്ണാവസരം സി.പി.ഐ അങ്ങനെ കളഞ്ഞുകുളിച്ചിരിക്കയാണ്. അനേകം മഹാരഥൻമാരുടെ നേതൃത്വത്താൽ അനുഗ്രഹീതമായ ഒരു പാർട്ടിയായിട്ടും ഇവരെന്നും കേരളത്തിൽ ശകുനിയുടെ വേഷമാണ് കെട്ടിയാടാറുള്ളത്. മൂന്നാറിലും അതുതന്നെ സംഭവിച്ചു.

കേരളത്തിലെ മണ്ണെല്ലാം ഇപ്പോൾ സി.പി.ഐ. യുടെ ഭരണത്തിലാണ്–റവന്യൂഭൂമി ശ്രീ രാജേന്ദ്രന്റേയും വനഭൂമി ശ്രീ ബിനോയ് വിശ്വത്തിന്റേയും. പണ്ട് പരശുരാമന് കടലിൽനിന്നാണ് കേരളത്തെ വീണ്ടെടുക്കേണ്ടിവന്നതെങ്കിൽ, ആധുനിക പരശുരാമൻമാർക്ക് കയ്യേറ്റക്കാരിൽനിന്നാണ് കേരളത്തെ വീണ്ടെടുക്കേണ്ടിവരുന്നത്. ഇക്കാര്യത്തിൽ രണ്ടുമന്ത്രിമാരും മുന്നിൽതന്നെയുണ്ടെങ്കിലും അവരെ നിയന്ത്രിക്കുന്ന കൈകൾ ശകുനിമാരുടേതാണ്. ശ്രീ. വി.എസ് അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ അഴിച്ചുവിട്ട കുതിരയെ മൂന്നാറിൽതന്നെ പിടിച്ചുകെട്ടാനുള്ള ശ്രമം പരാജയപ്പെട്ടിരുക്കുകയാണ്. ഈ അശ്വമേധം വിജയകരമായി പൂർത്തിയാക്കാൻ കഴിയട്ടെ എന്ന് ജനങ്ങൾ പ്രാർത്ഥിക്കുന്നു.

മൂന്നാർ ഒരു പ്രതീകം മാത്രമാണ്. കേരളത്തിൽ ഉടനീളം ഇതുതന്നെയാണ് സ്ഥിതി. ആളും തരവും വ്യത്യാസപ്പെട്ടിരിക്കുമെന്നേയുള്ളൂ. അരസെന്റ് കയ്യേറുന്നവരും ആയിരം ഏക്കർ കയ്യേറുന്നവരും ഒരുപോലെ സമൂഹത്തെ വെല്ലുവിളിക്കുന്നവരാണ്. കയ്യേറ്റങ്ങൾ വലുതായാലും ചെറുതായാലും ഒഴിപ്പിക്കുകതന്നെ വേണം. ചെറുകിട കയ്യേറ്റക്കാരെ ഉപദ്രവിക്കില്ലെന്ന് മുഖ്യമന്ത്രി ഈയിടെ പറയുകയുണ്ടായി. ആ ദീനാനുകമ്പ നല്ലതാണ്. പക്ഷെ കയ്യേറ്റങ്ങൾക്ക് അംഗീകാരം നൽകുകയല്ല, അവരെ പുനരധിവസിപ്പിക്കുകയാണ് ചെയ്യേണ്ടത്. കേരളത്തിൽ പാവങ്ങൾക്കൊരുക്ഷാമവുമില്ല. അവരെല്ലാം ഭൂമി കയ്യേറാൻ നിന്നാൽ എന്താകും സ്ഥിതി?

അതുപോലെ രാഷ്ട്രീയ കക്ഷികളുടേയും ദേവാലയങ്ങളുടേയും കയ്യേറ്റങ്ങൾ ഒഴിപ്പിക്കേണ്ടതില്ലെന്നും മുഖ്യമന്ത്രി നിർദ്ദേശം നൽകിയതായി കാണുന്നു. ഇത് അസംബന്ധമാണ്. വാസ്തവത്തിൽ ഇവരെയാണ് ആദ്യം തല്ലി പുറത്താക്കേണ്ടത്. ജനങ്ങളിൽ പൗരബോധവും ധർമ്മബോധവും ഉളവാക്കാൻ ചുമതലപ്പെട്ടവർതന്നെ കയ്യേറ്റത്തിന്റെ ആശാന്മാരായാലോ?

ഒഴിപ്പിച്ചെടുക്കുന്ന ഭൂമി സംരക്ഷിക്കാൻ എന്താണൊരു മാർഗ്ഗമെന്ന് ഗവർമ്മേണ്ട് ഇതുവരെ വ്യക്തമാക്കിയിട്ടില്ല. ഇന്ന് ഒഴിപ്പിച്ചെടുക്കുന്ന ഭൂമി നാളെ മറ്റൊരാൾ കയ്യേറില്ലെന്നതിന്ന് എന്താണുറപ്പ്? ഇപ്പോൾ കോട്ടിട്ട ആളും മീശയില്ലാത്ത ആളും മറ്റും ചേർന്ന് ഒഴിപ്പിച്ചെടുക്കുന്ന ഭൂമിയെല്ലാം, ഇവർമൂന്നാർ വിടുന്നതോടെ, ഈ കയ്യേറ്റക്കാർ തന്നെയോ മറ്റു ചിലരോ കയ്യേറിയാൽ എന്തു ചെയ്യും? വില്ലേജ് ഓഫീസർ മുതൽ കലക്ടർ വരെയുള്ള ഉദ്യോഗസ്ഥൻമാർ അലസത കാണിച്ചതുകൊണ്ടോ കൃത്യവിലോപം നടത്തിയതുകൊണ്ടോ ശുദ്ധ അഴിമതിക്കാരായി മാറിയതുകൊണ്ടോ സംഭവിച്ചതാണ് ഇവിടത്തെ കയ്യേറ്റങ്ങളെല്ലാംതന്നേയും. ഇതിന്നുത്തരവാദികളായവരെ മാതൃകാപരമായി ശിക്ഷിക്കാതിരുന്നാൽ, ഇതെല്ലാം ആവർത്തിക്കപ്പെടില്ലേ?

മൂന്നാർപോലെതന്നെ, കയ്യേറ്റക്കാരുടെ മറ്റൊരു പറുദീസയാണ് വാഗമൺ. അവിടത്തെ കയ്യേറ്റങ്ങളെപ്പറ്റി അഞ്ചുകൊല്ലമായി വ്യാപകമായ പരാതികളുണ്ടായിരുന്നുവെങ്കിലും ഇതുവരെ ആ വഴിക്ക് ഗവർമ്മേണ്ടിന്റെ ശ്രദ്ധ തിരിഞ്ഞിട്ടില്ല. കയ്യേറ്റമൊഴിപ്പിക്കുന്ന പ്രത്യേക ദൗത്യസംഘത്തെ മൂന്നാറിൽ കെട്ടിയിടാൻ ബോധപൂർവ്വമായൊരു ശ്രമം നടക്കുന്നില്ലേ എന്നുകൂടി സംശയിക്കേണ്ടിയിരിക്കുന്നു. അതല്ലെങ്കിൽ ആയിരക്കണക്കിനേക്കർ ഒഴിപ്പിച്ചെടുക്കുന്നിടത്ത് അരസെന്റിനെച്ചൊല്ലി ഇത്രയേറെ ഭൂകമ്പമുണ്ടാക്കില്ലായിരുന്നു.

റവന്യൂഭൂമിയോ വനഭൂമിയോ കയ്യേറിയതായി പരാതിയുണ്ടായാൽ അതുകൈകാര്യം ചെയ്യുന്നതിനായി സെക്രട്ടേറിയേറ്റിലും കലക്ടറേറ്റിലും പ്രത്യേക സെല്ലുകൾ രൂപീകരിക്കുന്നത് അഭികാമ്യമായിരിക്കും. പ്രാദേശിക തലത്തിൽ ഉദ്യോഗസ്ഥൻമാരെ സ്വാധീനിച്ചാണ് എല്ലാ ഭൂമി കയ്യേറ്റങ്ങളും നടത്തിയിരിക്കുന്നത്. പരാതിപ്പെട്ടിട്ടുകാര്യമില്ലെന്ന ബോധം ജനങ്ങളെ നിസ്സംഗരുമാക്കുന്നു. ഈ സ്ഥിതിവിശേഷത്തിന്നൊരറുതി വരുത്തേണ്ടതുണ്ട്.

❑

കവർസ്റ്റോറി

# മൂന്നാറിൽനിന്ന് വാഗമണ്ണിലേക്ക്

സർക്കാർ ഭൂമി കയ്യേറി റിസോർട്ടുകളും മറ്റും നിർമ്മിച്ചവരെ ഇറക്കിവിടുന്ന പ്രക്രിയ മൂന്നാറിൽനിന്ന് വാഗമണ്ണിലേക്ക് പടരുകയാണ്. മൂന്നാറിനെപ്പോലെ ത്തന്നെ ഇടുക്കിയിലെ മറ്റൊരു സ്വർഗ്ഗീയ മേഖലയാണ് വാഗമൺ. മൂന്നാറിലെ പോലെ വാഗമണ്ണിലും വ്യാപകമായ കയ്യേറ്റങ്ങൾ നടന്നിട്ടുണ്ട്. രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥൻമാരും പ്രമാണിമാരും ഇതിൽ പങ്കാളികളാണ്. മുഖ്യമന്ത്രി വി.എസ്. അച്ചുതാനന്ദൻ പ്രതിപക്ഷനേതാവായിരുന്നകാലത്ത്, 2003ൽ, വാഗമൺ സന്ദർശിക്കുകയും കയ്യേറ്റങ്ങൾ നേരിൽ കണ്ടു മനസ്സിലാക്കുകയും ചെയ്തിരുന്നു.

കോട്ടയം-ഇടുക്കി ജില്ലകൾക്ക് അതിരിടുന്ന ഉന്നത മേഖലയിൽ സ്ഥിതിചെയ്യുന്ന പ്രദേശമാണ് വാഗമൺ. സമുദ്രനിരപ്പിൽനിന്ന് 1100 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന മനോഹരമായ പ്രദേശമാണ് അത്. അനന്യസാധാരണവും അതിമനോഹരവുമായ പുൽമേടുകൾക്ക് പ്രസിദ്ധമായ വാഗമണ്ണിന്റെ വിസ്തീർണ്ണം 27 ചതുരശ്ര കിലോമീറ്റർവരും. ജനവാസം കുറഞ്ഞ ഇവിടെ 3147 ഹെക്ടർ കൃഷിസ്ഥലവും 346 ഹെക്ടർ പുറമ്പോക്കും 108 ഹെക്ടർ വെളിമ്പ്രദേശവുമുണ്ട്. നഗരവൽക്കരണം സംഭവിച്ചിട്ടില്ലാത്ത ഈ പ്രദേശത്ത് നൂറിൽപരം ഗ്രാമങ്ങളാണുള്ളത്.

കൊല്ലത്തിൽ 200 ദിവസവും മഴകിട്ടുന്ന ഈ മേഖലയിൽനിന്നാണ് മീനച്ചിലാർ ഉത്ഭവിക്കുന്നത്. ശരാശരി 3750 മില്ലീമീറ്റർ മഴകിട്ടുന്ന ഈ പ്രദേശത്ത് കൊടും വേനലിൽപോലും താപനില 32 ഡിഗ്രി സെൽഷ്യസ്സിന്നുമീതെ പോകാറില്ല. കേരളത്തിലെ ആദിവാസികളിൽ ഊരാളികളുടേയും ഉള്ളാരുടേയും അധിവാസമേഖലയാണിത്. 25 കിലോമീറ്റർ ദൂരെയുള്ള പീരുമേടാണ് ഏറ്റവും അടുത്ത പട്ടണം. മൂന്നാറിൽനിന്ന് 140 കിലോമീറ്ററും തേക്കടിയിൽനിന്ന് 80 കിലോമീറ്ററും അകലെയാണ് വാഗമൺ.

ഒരു ഭൂമി വനഭൂമിയാണോ റവന്യു ഭൂമിയാണോ എന്ന തർക്കം കേരളത്തിലെ മലയോരങ്ങളിലും മലനിരകളിലും സർവ്വത്ര ഉണ്ടാകാറുണ്ട്. ഭൂമി റവന്യു ഭൂമിയും, ഭൂമിയിൽ നിൽക്കുന്ന മരങ്ങൾ വനം വകയുമെന്ന ശിഖണ്ഡി സമ്പ്രദായം കേരളത്തിനുമാത്രം അവകാശപ്പെടാവുന്ന ഒരവസ്ഥയാണ്. ഈ തർക്കത്തിന്റെയെല്ലാം അടിയിൽ കിടക്കുന്നതാകട്ടെ ഭൂമികയ്യേറ്റവുമാണ്. എവിടെയെല്ലാം തർക്കമുണ്ടോ അവിടെയെല്ലാം കയ്യേറ്റം നടക്കുന്നു. കാരണം, ഉടമസ്ഥത ആർക്കാണെന്നറിയാത്തതിനാൽ റവന്യു വകുപ്പും വനം വകുപ്പും ഇടപെടില്ല; മറിച്ചുപറഞ്ഞാൽ, ആരും ഇടപെടില്ലെന്ന ധൈര്യമാണ് കയ്യേറ്റത്തിന്നുകാരണം.

വാഗമണ്ണിൽ ടൂറിസം വകുപ്പിനായി 762 ഹെക്ടർ ഭൂമി നൽകിയിരുന്നു. പിന്നീട് കന്നുകാലി വികസന ബോർഡിന്ന് 1102 ഹെക്ടർ ഭൂമിയും നൽകി. (ഇതിൽ 440 ഹെക്ടർ വനവൽക്കരണത്തിന്നായി വനം വകുപ്പിനെ ഏൽപ്പിച്ചിട്ടുണ്ട്.) ഇതിന്നിടയിൽ കാർഷിക സർവ്വകലാശാലക്ക് ഡെയറി സയൻസ് കോളേജ് നടത്താനായി കന്നുകാലി വികസന ബോർഡിന്റെ കൈവശമുള്ള ഭൂമി കൈമാറി. എന്നാൽ കാർഷിക സർവ്വകലാശാല ആ പദ്ധതി നടപ്പാക്കിയില്ല. ആ ഭൂമിയും കണ്ടവർ കയ്യേറി സ്വന്തമാക്കി.

പേജ് 13

# വാഗമണ്ണിൽ ഒരന്വേഷണം

ഇടുക്കി ജില്ലയിലെ മനോഹര ഭൂപ്രദേശമായ വാഗമണ്ണിലെ മേടുകളിൽ വ്യാപകമായ കയ്യേറ്റം നടന്നുവരുന്നുവെന്ന വാർത്തയെത്തുടർന്ന് സത്യാവസ്ഥ നേരിട്ടു കണ്ടറിയാനായി ജനനീതിയിൽനിന്നും ഒരു സംഘത്തെ നിയോഗിച്ചിരുന്നു. 2003 ഒക്ടോബർ 13,14 തിയ്യതികളിൽ നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് ജനനീതിയുടെ 2003 നവമ്പർ ലക്കത്തിൽ പ്രസിദ്ധീകരിച്ചിരുന്നു: അതിൽനിന്നുള്ള പ്രസക്തഭാഗങ്ങളാണ് താഴെ ചേർക്കുന്നത്.

അഡ്വ. ജോർജ് പുലികുത്തിയിലിന്റെ നേതൃത്വത്തിൽ വാഗമണ്ണിലെത്തിയ അന്വേഷണ സംഘത്തിൽ ഡോ. ഫ്രാൻസിസ് സേവ്യർ, ഡോ. ജിജി കെ. ജോസഫ്, ഡോ. ജോമി അഗസ്റ്റിൻ, എ. ബി. പ്രസാദ് (എഞ്ചിനീയർ), അജയകുമാർ മേൽവീട്ടിൽ (ക്യാമറ), കെ.കെ. സുദേവൻ (ടെക്നിക്കൽ അസിസ്റ്റന്റ്) എന്നിവരാണുണ്ടായിരുന്നത്.

വാഗമണ്ണിലെ ഗാന്ധി യുവമണ്ഡലം ജനനീതി പ്രതിനിധി സംഘത്തിന്നാവശ്യമായ സഹായങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകി. വാഗമൺ മിത്രനികേതനത്തിലെ ഡോ. ഹിൽഡ സീന, എബി ഇമാനുവൽ, സണ്ണി പൈകട, അഡ്വ. ജോർജ്കുട്ടി കടപ്ലാക്കൽ, അഡ്വ. ബിനോയ് മംഗംതാനം, മിസ് സൂസൻ ഐസക് കെട്ടുകാപ്പിള്ളി, ഫ്രാൻസിസ് മാത്യു എന്നിവരും ജനനീതി സംഘത്തെ സഹായിച്ചു.

ഗാന്ധി യുവമണ്ഡലത്തിലെ അംഗങ്ങളായ ചില യുവാക്കൾ വാഗമൺ പ്രശ്നത്തെക്കുറിച്ച് പ്രാഥമികാന്വേഷണം നടത്തുകയും ബന്ധപ്പെട്ട വിഷയങ്ങളിൽ ഗൗരവമായ ഗവേഷണം നടത്തിയിട്ടുള്ളവരിൽനിന്ന് ഉപദേശം തേടുകയും ചെയ്തിരുന്നു. അതിനാൽ ഗാന്ധി യുവമണ്ഡലത്തിന്റെ സഹായം ജനനീതി സംഘത്തിന്ന് അത്യന്തം പ്രയോജനകരമാകുകയുണ്ടായി.

വാഗമണ്ണിൽ പലേടത്തും കൂണുപോലെ റിസോർട്ടുകൾ മുളച്ചുപൊന്തുന്നുണ്ടായിരുന്നു. അവയിൽ അഞ്ചെണ്ണം ജനനീതി സംഘം സന്ദർശിച്ചു. (1) സമ്മർ സാൻഡ്, (2) വാഗമൺ ഹൈഡ് ഔട്ട്; (3) അനന്യ (4) എടപ്പറമ്പിൽ വെൻചേഴ്സ് (5) നിർമ്മിതി കേന്ദ്ര. ഇവയിൽ രണ്ടെണ്ണത്തിന്റെ പണി ഭാഗികമായേ തീർന്നിട്ടുള്ളൂ. എങ്കിലും ഹൈഡൗട്ടും അനന്യയും ടൂറിസ്റ്റുകൾക്കായി തുറന്നുകൊടുക്കുന്നുണ്ട്.

ഈ അടുത്തകാലംവരെ വാഗമൺ പ്രാചീനമായൊരു കന്യാവനപ്രദേശമായിരുന്നു. 1940 ൽ 86,000 ഹെക്ടർ ഹൈറേഞ്ച് നാണ്യവിളകൃഷിക്കായി വിട്ടുകൊടുത്തു. അന്നു തുടങ്ങിയതാണ് വാഗമണ്ണിന്റെ കഷ്ടകാലം. 1950 കളുടെ ആരംഭത്തിൽതന്നെ വാഗമണ്ണിൽ ഭൂമി കയ്യേറ്റം ആരംഭിച്ചിരുന്നു.

ഇന്ത്യയിലെ സ്വാഭാവിക വനങ്ങളിൽ പകുതിയിലേറെ നശിച്ചുകഴിഞ്ഞു; ചതുപ്പുനിലങ്ങളിൽ മൂന്നിലൊന്നു വരണ്ടുണങ്ങി; ജലസ്രോതസ്സുകളിൽ 70 ശതമാനവും മലിനമാക്കപ്പെട്ടു. കണ്ടൽകാടുകളിൽ 40 ശതമാനത്തിന്റേയും കഥകഴിച്ചു. മിക്കവാറും എല്ലാ പുൽമേടുകളും കൃഷിക്കോ ടൂറിസത്തിന്നോ വേണ്ടി കയ്യേറിയിരിക്കുന്നു. പുൽമേടുകളെ സവിശേഷമായൊരു പാരിസ്ഥിതിക മണ്ഡലമായിട്ടാണ് ലോകമെങ്ങും കണക്കാക്കിവരുന്നത്. മറ്റെവിടെയെങ്കിലുമായിരുന്നെങ്കിൽ വാഗമണ്ണിലെ പുൽമേടുകളെ, സ്വർണ്ണഖനികളെയെന്നപോലെ സംരക്ഷിക്കുമായിരുന്നു.

ജൈവവൈവിധ്യത്താൽ സമ്പന്നമായ വാഗമണ്ണിലെ അടികുന്നുകൾ നിരവധി സൂക്ഷ്മ ജൈവരൂപങ്ങളെ ഉൾക്കൊള്ളുന്നു. ഈ അടികുന്നുകളിൽ നിന്നാണ് മീനച്ചിലാറും മണിമലയാറും ഉത്ഭവിക്കുന്നത്. ഈ പ്രദേശത്തെ 5000 സസ്യ ജാലങ്ങളിൽ രണ്ടായിരവും തദ്ദേശീയമാണ്.

അതിന്നർത്ഥം ഈ പുൽമേടുകൾ 2000 സൂക്ഷ്മ കാലാവസ്ഥകളെ ഉൾക്കൊള്ളുന്നു എന്നതാണ്. പക്ഷെ അധികൃതർ ഈ പുൽമേടുകളെ "തരിശ്" എന്നാണ് വകതിരിച്ചിരിക്കുന്നത്. ഇത് അജ്ഞത മൂലം സംഭവിച്ചതല്ല; കയ്യേറ്റം സുഗമമാക്കാൻ പ്രയോഗിച്ചിരിക്കുന്ന തന്ത്രമാണ്.

ജനനീതി സംഘം സന്ദർശിച്ച അവസരത്തിൽതന്നെ മൂന്നുഡസനോളം തേയില തോട്ടങ്ങൾ ഇവിടെ വളർന്നുകഴിഞ്ഞു. ചതുപ്പുനിലങ്ങളും ചോലകളും നികത്തി നിരപ്പാക്കിയിരിക്കുകയാണ്.

റിസോർട്ടുകൾ മൂലമുണ്ടാകുന്ന ആഘാതത്തെപ്പറ്റി പഠിക്കാൻ "വാഗമൺ ഹൈഡൗട്ട്" എന്ന റിസോർട്ടാണ് ജനനീതി തിരഞ്ഞെടുത്തത്. നിർമ്മിക്കാനുദ്ദേശിക്കുന്ന 67 കോട്ടേജുകളിൽ 12 എണ്ണമേ പൂർത്തിയായി കഴിഞ്ഞിരുന്നുള്ളൂ. തോമസ്പഞ്ഞികുന്നേൽ എന്നൊരാളുടെ ഇരുപത്തഞ്ചേക്കർ വരുന്ന തേയിലതോട്ടം വാങ്ങിയാണ് റിസോർട്ട് നിർമ്മാണമാരംഭിച്ചത്. ഈ തേയിലതോട്ടം എങ്ങനെയുണ്ടായി എന്നറിയില്ല. ഈ ഹൈഡൗട്ടിന്റെ പിന്നിൽ ഒളിച്ചിരിക്കുന്നത് ഒരു മന്ത്രിയാണെന്ന് നാട്ടുകാർ പറയുകയുണ്ടായി. റിസോർട്ടിനെക്കുറിച്ച് ഗംഭീരമായ പരസ്യങ്ങളുണ്ടെങ്കിലും ജനനീതി സംഘത്തെ അകത്തുപ്രവേശിക്കാൻ ജീവനക്കാർ അനുവദിച്ചില്ല. തിരുവനന്തപുരത്തുള്ള ഓഫീസിൽനിന്ന് അനുമതി വാങ്ങണമെന്നാണവർ പറഞ്ഞത്.

മീനച്ചിലാറിന്റെ പോഷകനദിയായ ഒരരുവിയിൽ ചിറകെട്ടി ചെറിയൊരു തടാകം നിർമ്മിച്ചിരിക്കുന്നതായി കണ്ടു. ഇത് നിയമവിരുദ്ധമാണ്.

ഐക്യമുന്നണി ഭരണകാലത്ത് വ്യവസായികളെ ആകർഷിക്കാനായി കൊച്ചിയിലൊരു "ജിം" മേള നടത്തുകയുണ്ടായല്ലൊ. ആ വകയിൽപെട്ടതാണ് "സമ്മർ സാൻഡ്" എന്ന റിസോർട്ട്. ഹൈക്കോടതി ഇടപെട്ട് ഇഞ്ചങ്ഷൻ പറപ്പെടുവിച്ചതിനാൽ സമ്മർ സാൻഡിന്റെ പണി നിർത്തിവച്ചിരിക്കുകയായിരുന്നു. കാർഷികസർവ്വകലാശാലയുടെ ഡെയറി സയൻസ് കോളേജിനുവേണ്ടി കൊടുത്തതും അവർ ഏറ്റെടുക്കാതിരുന്നതുമായ സ്ഥലത്താണ് സമ്മർസാൻഡിന്റെ പണി ആരംഭിച്ചിരുന്നത്. കാർഷിക സർവ്വകലാശാലക്ക് നീക്കിവച്ച ഭൂമി പലരും കയ്യേറി കൈവശമാക്കിയതിൽ ഒന്നാണ് സമ്മർ സാന്റ്. ഇവിടെയും ഒരരുവി തടഞ്ഞുനിർത്തി ഒരു കുളം ഉണ്ടാക്കിയിട്ടുണ്ട്.

വാഗമണ്ണിന്റെ പ്രാധാന്യം അതിന്റെ പാരിസ്ഥിതിക മണ്ഡലവും ജൈവവൈവിധ്യവും കാലാവസ്ഥയും ദൃശ്യഭംഗിയുമാണ്. ദേശീയ സമ്പത്താണത്. ഏതുപൗരനും ഏതു സമയത്തും അതാസ്വദിക്കാനുള്ള അവകാശമുണ്ട്. അതിനെ ലംഘിക്കുന്ന ഏതൊരു പ്രവൃത്തിയും പൗരാവകാശ ലംഘനമാണ്.

റിസോർട്ട് ഉടമകളും മറ്റ് ടൂറിസം കൊയ്ത്തുകാരും അനധികൃതമായി ജലസ്രോതസ്സുകൾ കയ്യേറിയിട്ടുണ്ട്. അരുവികളുടെ ഒഴുക്ക് തടയുന്ന കൊച്ചണകൾ നിർമ്മിച്ചിരിക്കുന്നു. അടിവാരത്തിലേയും സമതലപ്രദേശങ്ങളിലേയും ജനങ്ങൾക്ക് ജലത്തിലുള്ള അവകാശത്തിന്മേൽ കൈവക്കലാണിത്. വനം നിയമവും ഭൂനീയമവും ഇവിടെ ലംഘിക്കപ്പെടുന്നു.

വാഗമണ്ണിൽ എന്തുനടക്കുന്നുവെന്ന് അന്നാട്ടിലെ ജനങ്ങൾക്കറിവില്ല. ഭൂമി കൈവശമാക്കുന്നതും മൂലധനം നിക്ഷേപിക്കുന്നതും ആരാണ് എന്തിനാണ് എന്നൊന്നും ആർക്കും അറിവില്ലാത്ത അവസ്ഥ അനുവദനീയമല്ല. ഈ ഒളിച്ചുകളികൾക്കുപിന്നിൽ ആരാണ്?

ജാതിയെപ്പറ്റിയും മതത്തെപ്പറ്റിയും ചിന്തിക്കാതെ ഒത്തൊരുമയോടെ കഴിഞ്ഞുവന്നിരുന്ന ജനങ്ങളുടെ ഇടയിലേക്ക് വർഗ്ഗീയ ശക്തികൾ നുഴഞ്ഞുകയറിയതെങ്ങനെയാണ്? എങ്ങനെയാണിവിടെ "തീർത്ഥാടന" കേന്ദ്രങ്ങൾ മുളച്ചുപൊന്തിയത്? ഇവർക്കെന്താണിവിടെ പ്രസക്തി?

വികസനമെന്നാൽ പ്രകൃതി ധ്വംസനമാണെന്നും ടൂറിസമെന്നാൽ മദ്യപാനവും വ്യഭിചാരവുമാണെന്നുമുള്ള സമവാക്യങ്ങൾക്ക് വാഗമണ്ണിൽ സ്ഥാനമുണ്ടായിക്കൂടാ. ❑

# മൂന്നാറും വാഗമണ്ണും ചില കോടതിവിധികളും

**ഇ**ന്ത്യയിലെ പരിസ്ഥിതി സംരക്ഷണ രംഗത്ത് ജുഡീഷ്യറി നിർവ്വഹിച്ചിട്ടുള്ള സേവനങ്ങൾ നിസ്തുലമാണ്. രാഷ്ട്രീയക്കാരും സ്വാർത്ഥംഭരികളും കാടും മേടും കടലും കൊള്ളയടിക്കുമ്പോൾ അതിന്നല്പമെങ്കിലും തടയിടാൻ കഴിഞ്ഞത് ജൂഡീഷ്യറിക്ക് മാത്രമാണ്. അതുപോലെതന്നെ, എം.സി. മേത്ത എന്ന അഭിഭാഷകൻ കോടതിമുഖേന നടത്തിയിട്ടുള്ള പോരാട്ടങ്ങളും അനേകമാണ്. പരിസ്ഥിതി സംരക്ഷണ സംബന്ധമായി കോടതികളിൽനിന്നുണ്ടായിട്ടുള്ള വിഖ്യാതമായ വിധികളും ഏറെയുണ്ട്.

ഇപ്പോൾ കേന്ദ്രത്തിൽ വാണിജ്യ-വ്യവസായകാര്യമന്ത്രിയായി വിരാജിക്കുന്ന കമൽനാഥിന്നെതിരെ പതിനഞ്ചുകൊല്ലം മുമ്പ് എം.സി. മേത്ത കൊടുത്ത കേസും അതിന്മേൽ സുപ്രീംകോടതിയിൽനിന്നുണ്ടായ വിധിയും പ്രസിദ്ധമാണ്.

ഹിമാചൽപ്രദേശിലെ ലോകപ്രസിദ്ധമായ സുഖവാസകേന്ദ്രമാണ് കുളു-മനാലി താഴ്വര. ദൽഹിയിലെ പ്രമാണിമാരെല്ലാം വേനൽചൂടിൽനിന്ന് രക്ഷപ്പെടാനായി എത്തുന്നത് കുളു-മനാലി താഴ്വരയിലാണ്. സിന്ധുനദിയുടെ പോഷകനദിയായ ബിയാസ്, ഈ താഴ്വരയിലൂടെ ഒഴുകിയാണ് പഞ്ചാബിലെത്തുന്നത്.

കോൺഗ്രസ് നേതാവായ കമൽനാഥ് ടൂറിസ്റ്റുകൾക്കായി കുളു-മനാലി താഴ്വരയിൽ ഒരു ഹോട്ടൽ നിർമ്മിച്ചു. വെറുതെയൊരു ഹോട്ടൽ നിർമ്മിക്കുകയല്ല, ബിയസ് നദിയുടെ നടുവിൽതന്നെ ഹോട്ടൽനിർമ്മിക്കുകയാണുണ്ടായത്. കമൽനാഥിന്റെ ഹോട്ടൽ നദിയിലെ ഒരു ദ്വീപായിതീർന്നു. ഈ അതിക്രമം സുപ്രീംകോടതിയുടെ ശ്രദ്ധയിൽപെടുത്തിയതിനെത്തുടർന്ന് കോടതി ഹോട്ടൽ നിർമ്മാണം തടയുകയും കമൽനാഥിന്ന് പിഴ വിധിക്കുകയും ചെയ്തു. അന്നത്തെ വിധിയിൽ സുപ്രീംകോടതി ഇങ്ങനെ പറയുന്നു -

"പാരിസ്ഥിതികമായി ലോലവും ദൃശ്യഭംഗി നിറഞ്ഞതുമായ ഈ പ്രദേശം കച്ചവട ലാഭത്തിനുവേണ്ടിസ്വകാര്യ ഉടമസ്ഥതയിലാക്കിക്കൂടാ. ചില ഭൂമികളിലൊഴികെ മറ്റെല്ലാ ഭൂമികളിലും പ്രകൃതി ഭംഗി നിറഞ്ഞ പ്രദേശങ്ങളിലും പൊതുജനത്തിന്ന് അവകാശമുണ്ട്."

ബിയസ് നദിയുടെ തടവും കരകളും ഉൾപ്പെടെയുള്ള വനഭൂമികൾ ചിലർ കയ്യേറിയിരുന്നു. പിന്നീടത് ഹോട്ടൽ നടത്താൻ പാട്ടത്തിന്നു നൽകി. ഇതിന്നെതിരായിട്ടായിരുന്നു കേസ്. കോടതിയുടെ കല്പനപ്രകാരം നടന്ന അന്വേഷണത്തിൽ നദിയുടെ സ്വാഭാവികമായ ഒഴുക്കിനെ തടസ്സപ്പെടുത്തിയിരിക്കുന്നതായി തെളിഞ്ഞു. ഹോട്ടലിന്റെ പ്രവർത്തനം പരിസ്ഥിതിയിൽ ഏല്പിച്ചിരിക്കുന്ന ആഘാതത്തെ പരാമർശിച്ചുകൊണ്ട് കോടതി വിധി ഇങ്ങനെ തുടർന്നു.

"മലിനീകരണം പൊതുജനങ്ങളോടു ചെയ്യുന്ന കുറ്റമാണ്. മുഴുവൻ സമൂഹത്തോടും ചെയ്യുന്ന അപരാധമാണത്. അതിനാൽ മലിനീകരണത്തിനു കാരണക്കാരനായ വ്യക്തി പരിസ്ഥിതിയുടേയും പാരിസ്ഥിതിക മണ്ഡലത്തിന്റെയും പുനരുജീവനത്തിന്നുവേണ്ടി നഷ്ടപരിഹാരം നൽകേണ്ടതുണ്ട്; ഹർജിക്കാരനുണ്ടായ സാമ്പത്തിക

നഷ്ടവും ആ വ്യക്തിവഹിക്കണം. ഏതെങ്കിലും തരത്തിലുള്ള മലിനീകരണം നടത്തുന്നതിൽനിന്ന് മറ്റുള്ളവരെ പിൻതിരിപ്പിക്കാനായി ഈ വ്യക്തി പിഴയും ഒടുക്കേണ്ടതുണ്ട്."

പാരിസ്ഥിതികമായി ലോലമായ ഈ പ്രദേശം ഹോട്ടൽ നടത്താൻ അനുവദിച്ച ഹിമാചൽപ്രദേശ് ഗവർമ്മേണ്ട് പൊതുജന വിശ്വാസത്തെ വഞ്ചിച്ചിരിക്കയാണെന്നും കോടതി കുറ്റപ്പെടുത്തി.

ഒരു ടൂറിസ്റ്റ് കേന്ദ്ര നിർമ്മാണത്തിന്ന് യു.പി. ഗവർമ്മേണ്ട് അനുമതി നൽകിയത് ആട്ടിടയന്മാരുടെ ഉപജീവനമാർഗ്ഗം മുട്ടിച്ചതിന്നെതിരായ ഒരു കേസിൽ അല്ലാഹാബാദ് ഹൈക്കോടതിയും പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം ഊന്നിപ്പറയുകയുണ്ടായി. "പ്രകൃതി ആരുടേതാണോ അവർക്കത് തിരിച്ചു നൽകേണ്ടതുണ്ട്. ആടുകൾക്ക്, ആട്ടിടയൻമാർക്ക്, കാട്ടുപൂക്കൾക്ക്, സൂക്ഷ്മ ജീവികൾക്ക് ചെടികൾക്ക്, എന്നിവക്കെല്ലാം അവകാശപ്പെട്ടതാണ് പ്രകൃതി. ഇവയുടെ ജീവിതത്തെ തടസ്സപ്പെടുത്തിക്കൊണ്ട് ഒരു ടൂറിസ്റ്റ് കേന്ദ്രം സ്ഥാപിക്കുന്നത് തെറ്റാണ്" എന്ന് കോടതിയുടെ വിധിയിൽ പറയുന്നു. ജനങ്ങളുടെ സ്വാഭാവിക ജീവിതത്തിനുള്ള അവകാശവും കോടതി ചൂണ്ടിക്കാട്ടി. ആടുവളർത്തുന്നവരുടെ സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ അവകാശങ്ങൾ സംരക്ഷിക്കാൻ ഭരണകൂടത്തിനുള്ള ബാധ്യതയും വിധിയിൽ ചൂണ്ടിക്കാട്ടുന്നുണ്ട്.

ഭരണഘടനയിലെ 48(എ) അനുഛേദപ്രകാരം പാരിസ്ഥിതിക സംരക്ഷണം ഗവർമ്മേണ്ടിന്റെ ചുമതലയാണ്. ഇതനുസരിച്ച് ഇന്ത്യയിൽ പല നിയമനിർമ്മാണങ്ങളും നടത്തിയിട്ടുണ്ട്. 1980ലെ വനം സംരക്ഷണനിയമം, 1986 ലെ പരിസ്ഥിതി സംരക്ഷണനിയമം എന്നിവയെല്ലാം ഇതിൽപെടും. ഒരു ടൂറിസ്റ്റ് കേന്ദ്രം ആരംഭിക്കണമെങ്കിൽ ഒട്ടേറെ സർക്കാർ വകുപ്പുകളുടെ അനുമതി ലഭിക്കേണ്ടതുണ്ട്. വനഭൂമി വനേതരമായ ആവശ്യങ്ങൾക്കുപയോഗിക്കുന്നതിന്ന് മുമ്പ് കേന്ദ്ര ഗവർമ്മേണ്ടിന്റെ അനുമതിയും വാങ്ങേണ്ടതുണ്ട്. മൂന്നാറിലും വാഗമണ്ണിലുമെല്ലാം ഇത്തരം നിയമങ്ങൾ പാടെ ധ്വംസിക്കപ്പെട്ടിരിക്കുകയാണ്. ആ ഒരൊറ്റ കാരണംകൊണ്ടുതന്നെ ഇവയെല്ലാം ഇടിച്ചുനിരത്തപ്പെടേണ്ടതാണ്.

ഒരു തിരഞ്ഞെടുപ്പിൽ ജയിച്ച് അധികാരത്തിൽ വരുന്നവർക്ക് എന്തും കാണിക്കാനുള്ള ലൈസൻസ് കൈ വരുന്നില്ല. ഭരണാധികാരികളെല്ലാം യഥാർത്ഥത്തിൽ ട്രസ്റ്റിമാർ മാത്രമാണെന്ന് Public Trust Doctrine അനുശാസിക്കുന്നു. അതായത് സർക്കാർ ഭൂമി പൊതു ആവശ്യങ്ങൾക്കുമാത്രമേ ഉപയോഗിക്കാവൂ; എന്തുവിലകിട്ടിയാലും സർക്കാർ ഭൂമി വിൽക്കാൻ പാടില്ല; അതിന്നു പുറമെ സർക്കാർ ഭൂമി സവിശേഷമായ ആവശ്യങ്ങൾക്കുമാത്രമേ ഉപയോഗിക്കാവൂ; അല്ലാത്തപക്ഷം അതു പൊതുസ്വത്തായി കിടക്കണം.

എല്ലാ പൊതു വിഭവങ്ങളുടേയും കാര്യസ്ഥത ഭരണകൂടത്തിന്നാണ്. പൊതുജനങ്ങളുടെ ഉപയോഗത്തിന്നും അനുഭവത്തിന്നും വേണ്ടിയുള്ളതാണവ. വിശാലാർത്ഥത്തിൽ, കടൽതീരങ്ങളുടേയും നീരൊഴുക്കിന്റേയും വനങ്ങളുടേയും വായുവിന്റേയും ഉടമകൾ പൊതുജനങ്ങളാണ്. പ്രകൃതി വിഭവങ്ങളെ സംരക്ഷിക്കുക എന്നത് ഗവർമ്മേണ്ടിന്റെ നിയമപരമായ ഉത്തരവാദിത്വമാണ്. വെറുമൊരു കാര്യസ്ഥനായ ഭരണകൂടം പൊതുജനോപയോഗത്തിനുള്ള വിഭവങ്ങളെ സ്വകാര്യ ഉടമകൾക്ക് കൈമാറിക്കൂടാ എന്ന് കമൽനാഥ് കേസിൽ സുപ്രീം കോടതി പറഞ്ഞിട്ടുണ്ട്.

ഈ വിധികൾ ഹിമാലയത്തിലെ സുഖവാസ കേന്ദ്രങ്ങൾക്കുമാത്രമല്ല, കേരളത്തിലെ മൂന്നാറിന്നും വാഗമണ്ണിന്നും ബാധകമാണ്. ❑

# ജനപ്രതിനിധികൾ നടത്തുന്ന മനുഷ്യക്കടത്തിന്നു പിന്നിൽ

**- വിക്രമജിത്ത് സിങ്ങ് -**

പാശ്ചാത്യരാജ്യങ്ങളിലേക്കുള്ള പഞ്ചാബികളുടെ കുടിയേറ്റം ഒരു പഴങ്കഥയാണ്. സാമ്പത്തിക മേൽഗതിക്കുവേണ്ടിയുള്ള ഒരു സാഹസത്തിന്റെ കഥയാണത്. എന്നാൽ ഈയിടെയായി പഞ്ചാബികളുടെ കുടിയേറ്റത്തിന്ന് ജാതീയമായ ഒരു മുഖമുണ്ടായിട്ടുണ്ട്. ഇത് സാമൂഹ്യമായ മേൽഗതിക്കുവേണ്ടിയുള്ള ഒരു സാഹസമാണ്. പഞ്ചാബിലെ ദളിതുകൾ തങ്ങളുടെ ദുരിതങ്ങൾക്കെല്ലാം കുടിയേറ്റത്തെ പരിഹാരമായി കാണുന്നു. സ്വതന്ത്ര ഭാരതം തങ്ങൾക്ക് നിഷേധിക്കുന്ന സാമൂഹ്യ നീതി, കുടിയേറ്റത്തിലൂടെ നേടിയെടുക്കാമെന്ന് അവർ കാണുന്നു.

ഗുജറാത്തിൽ നിന്നുള്ള ഒരു എം. പി. യായ ബാബു ഭായ് കട്ടാര പഞ്ചാബിയായ ഒരു സ്ത്രീയേയും ബാലനേയും, തന്റെ ഭാര്യയും മകനുമാണെന്ന വ്യാജേന ലണ്ടനിലേക്ക് കൊണ്ടുപോകാൻ ശ്രമിക്കുന്നതിനിടയിൽ പിടിയിലാകുകയുണ്ടായി. ഇദ്ദേഹത്തിന്നു പുറമെ മിത്രസെൻ യാദവ്, അശോക് റാവത്, മൊഹമ്മദ് തഹീർ ഖാൻ, രാമസ്വരൂപ് കോലി എന്നീ എം.പി.മാരും അന്വേഷണത്തെ നേരിടുന്നുണ്ട്. സ്വാധീനശക്തിയുള്ള രാഷ്ട്രീയക്കാരാകയാൽ കേസ് മുന്നോട്ടുനീങ്ങുന്നില്ലെന്നേയുള്ളൂ.

കട്ടാരയും കോലിയും ബി.ജെ.പി. ക്കാരാണെങ്കിൽ മറ്റു മൂന്നുപേരും ബി.എസ്.പി. ക്കാരാണ്. പക്ഷെ രാഷ്ട്രീയമായ ഈ വകഭേദം പ്രസക്തമല്ല; പ്രസക്തമായത് അഞ്ചിൽ നാലുപേരും ദളിതുകളാണെന്നതാണ്.



പഞ്ചാബിലെ തൽഹാൻ ഗ്രാമത്തിലെ ഒരു ദളിത് കുടുംബത്തിന്റെ ബംഗ്ലാവ്

പഞ്ചാബിലെ ജനങ്ങളിൽ 30 ശതമാനവും ദളിതുകളാണ്. നാനാവിധ പീഡനങ്ങൾക്കിരയായി കഴിയുന്നവരാണിവർ ഈ പീഡനങ്ങളിൽനിന്ന് രക്ഷപ്പെടാനാണിവർ വിദേശത്തേക്ക് കുടിയേറുന്നത്. കുടിയേറ്റത്തിന്ന് നിയമാനുസൃതം വിസ ലഭിക്കുക വിഷമമാകയാൽ, ഇവർ നിയമവിരുദ്ധമായി കുടിയേറുന്നു. ഈ സാഹസത്തിന്നിടയിൽ വിവിധ രാജ്യങ്ങളിൽ അറസ്റ്റ് ചെയ്യപ്പെടുന്നവർ ആയിരക്കണക്കിന്നുവരും. നിയമവിരുദ്ധമായി കുടിയേറാൻ ശ്രമിച്ചതിന്ന് 30,000 പഞ്ചാബികൾ വിവിധ രാജ്യങ്ങളിലെ ജയിലുകളിൽ തടവുകാ

രായി കഴിയുന്നുണ്ടെന്ന് ഈയിടെ റിപ്പോർട്ടുണ്ടായിരുന്നു. എന്നാൽ ഇതിലുമെത്രയോ ഇരട്ടി ആളുകൾ പിടിക്കപ്പെടാതെ വിവിധരാജ്യങ്ങളിൽ കയറിപ്പറ്റിയിട്ടുണ്ട്.

വിദേശത്ത് കാലുറപ്പിക്കാൻ കഴിഞ്ഞവരെല്ലാം വളരെ നല്ല നിലയിലെത്തിയിട്ടുണ്ട്. ലോക ബാങ്കിന്റെ കണക്കുപ്രകാരം, വിദേശത്തുള്ള പഞ്ചാബികളിൽനിന്ന് 300 കോടി ഡോളർ കൊല്ലംതോറും പഞ്ചാബിലെത്തുന്നുണ്ട്.

നിയമവിരുദ്ധമായ ഈ മനുഷ്യക്കടത്തിന്ന് പഞ്ചാബിലെ എല്ലാ രാഷ്ട്രീയ കക്ഷികളും അനുകൂലമാണെന്നതാണ് മറ്റൊരു പ്രത്യേകത. വോട്ടുമാത്രമല്ല കാര്യം. തിരിഞ്ഞെടുപ്പുഫണ്ടുണ്ടാക്കുന്നതിന്നും വിദേശത്തു പോയി പണപ്പിരിവു നടത്തുന്നതിന്നും ഇത് സൗകര്യമുണ്ടാക്കുന്നു. 1996 ഡിസംബർ 24ന്ന് നിയമവിരുദ്ധമായി കുടിയേറാൻ ശ്രമിച്ച 280 ഇന്ത്യക്കാർ സഞ്ചരിച്ചിരുന്ന ഒരു ബോട്ട് ഇറ്റാലിയൻ തീരത്തിന്നടുത്ത് മുങ്ങി. അന്നുമുങ്ങിമരിച്ചവരിൽ 166 പേരും പഞ്ചാബികളായിരുന്നു.

വിദ്യാഭ്യാസവും സാങ്കേതിക വൈദഗ്ധ്യവുമുള്ളവർക്കേ പാശ്ചാത്യ രാജ്യങ്ങൾ വിസ നൽകൂ. ദളിതുകൾക്ക് ഇതുരണ്ടുമില്ല. തന്മൂലം അവർക്ക് നിയമവിരുദ്ധമായി കുടിയേറ്റം നടത്തേണ്ടിവരുന്നു. കുടിയേറ്റത്തിന്റെ ഈ വേലിയേറ്റംമൂലം പഞ്ചാബിലെ ദളിതുകളുടെ സാമ്പത്തികസ്ഥിതി ഇപ്പോൾ വളരെ മെച്ചപ്പെട്ടിട്ടുണ്ട്. ഒന്നാന്തരം ബംഗ്ലാവുകൾ നിർമ്മിച്ച ദളിത് കുടുംബങ്ങൾ പഞ്ചാബിലിപ്പോൾ സുലഭമാണ്.

ദളിതുകളുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്നുവെന്നല്ല, അവരുടെ സാമൂഹ്യാവസ്ഥയും മെച്ചപ്പെടുന്നു. വിദേശത്ത് ഒരാൾക്ക് ബ്രാഹ്മണനാണോ ദളിതനാണോ എന്ന ഭേദമില്ല. അവരവിടെ സമന്മാരായി ഇടപഴകുന്നു.

ദളിതുകളുടെ മോക്ഷത്തിന്നുള്ള ഒരേയൊരു മാർഗ്ഗം കുടിയേറ്റമാണെന്ന് ദളിത് നേതാവായ ദേശ് രാജ് കലി പറയുന്നു. "പാടത്തുപണിയെടുക്കാമെന്നല്ലാതെ ഇവിടെ എന്തുചെയ്യാനാണ്. അതിന്നുപോലും മേൽജാതിക്കാരായ ജന്മിമാരെ ആശ്രയിക്കണം. വിദേശത്തൊരു ജോലി ലഭിച്ചാൽ ഇവിടെ അസൂയാവഹമായ പദവിയുണ്ടാകും." എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ദളിതുകളുടെ ഈ സാമ്പത്തികാഭിവൃദ്ധി പഞ്ചാബിലെ ജാതിസംവിധാനത്തെ തലകീഴായി കീഴ്മറിച്ചിട്ടുണ്ട്. വിവിധ കൈത്തൊഴിലുകളിൽ ഏർപ്പെട്ടിരുന്നവർ ഇതുവരെ അധ:സ്ഥിതരായിരുന്നു. ഇവരുടെ കുട്ടികൾ പരിശീലനം നേടി വിദഗ്ദ്ധരായി. വിദേശത്ത് അവർക്കിപ്പോൾ കൈനിറയെ കാശുകിട്ടുന്നു. അതേസമയം പരമ്പരാഗതമായി കൃഷി നടത്തിവരുന്ന ഭൂവുടമകൾക്ക് വിദഗ്ദ്ധ പരിശീലനത്തിന്ന് അവസരമില്ല. ഇവർ വിദേശത്തേക്ക് കുടിയേറിയാൽതന്നെ ടാക്സി ഡ്രൈവറെപ്പോലെ താഴ്ന്ന തൊഴിലുകളിലേ ഏർപ്പെടാൻ കഴിയൂ.

വ്യാജരേഖകൾ ഉപയോഗിച്ച് കുടിയേറിയെന്നതിന്ന് കഴിഞ്ഞ അഞ്ചു കൊല്ലത്തിന്നിടയിൽ 9000 പഞ്ചാബികളെ തിരിച്ചയച്ചിട്ടുണ്ട്. വ്യാജരേഖാനിർമ്മാണം പഞ്ചാബിൽ വ്യാപകമാണ്. രണ്ടായിരത്തിൽപരം ട്രാവൽ ഏജന്റുമാർക്കെതിരെ പോലീസ് ഇതിന്നകം കേസ് ചാർജ് ചെയ്തിട്ടുണ്ട്.

❑

# പോലീസ് അതിക്രമത്തിന്ന് നഷ്ടപരിഹാരം

വീരപ്പൻ വേട്ടയോടനുബന്ധിച്ച് പോലീസിന്റെ അതിക്രമങ്ങൾക്കിരയായ 89 പേർക്കുള്ള നഷ്ടപരിഹാരം നൽകിത്തുടങ്ങി. ഒരു ലക്ഷം രൂപ മുതൽ രണ്ടരലക്ഷം രൂപവരെയാണ് ഇടക്കാലാശ്വാസമായി നൽകുന്നത്. ഇതിൽ 51 പേർ കർണ്ണാടകക്കാരും 38 പേർ തമിഴ്നാട്ടുകാരുമാണ്.

ഒരു ദശാബ്ദക്കാലം നീണ്ടുനിന്ന വേട്ടക്കുശേഷം 2004 ഒക്ടോബറിലാണ് വീരപ്പനെ വധിച്ചത്. തമിഴ്നാട്-കർണ്ണാടക അതിർത്തിയിലെ വനങ്ങളിൽ സൈ്വരവിഹാരം നടത്തിയിരുന്ന വീരപ്പനെ പിടിക്കാൻ ഇരു സംസ്ഥാനങ്ങളിലേയും പോലീസുകാരടങ്ങിയ ഒരു സംയുക്ത സേനയെ നിയോഗിച്ചിരുന്നു. ഈ പോലീസുകാർ വനത്തിന്നകത്തും പുറത്തുമുള്ള ഗ്രാമങ്ങളിലെ ജനങ്ങളെ കണക്കറ്റ് ദ്രോഹിച്ചിരുന്നു. പോലീസിന്ന് പിടികൊടുക്കാതെ ഒളിവിൽകഴിയാൻ വീരപ്പനെ സഹായിക്കുന്നത് ഗ്രാമീണരാണെന്നതായിരുന്നു പോലീസിന്റെ സംശയം. ഇതിന്റെ പേരിൽ ഒട്ടേറെ പേരെ പോലീസ് ഭേദ്യം ചെയ്തിരുന്നു; പലരും മരിച്ചു; സ്ത്രീകളെ പോലീസുകാർ തടങ്കൽ പാളയത്തിൽ പിടിച്ചിട്ട് വെപ്പാട്ടികളായി ഉപയോഗിച്ചുവന്നിരുന്നു.

പോലീസിന്റെ പീഡനങ്ങളെക്കുറിച്ച് ഒട്ടേറെ വാർത്തകൾ പുറത്തുവന്നതിനെത്തുടർന്ന് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ജ: സദാശിവ കമ്മിറ്റിയെ അന്വേഷണത്തിന്നായി നിയോഗിച്ചിരുന്നു. കമ്മിറ്റി 2003 ൽ തന്നെ മനുഷ്യാവകാശ കമ്മീഷന്ന് റിപ്പോർട്ട് സമർപ്പിച്ചുവെങ്കിലും പോലീസ് അതിക്രമങ്ങൾക്കിരയായ 89 പേർക്ക് നഷ്ടപരിഹാരം നൽകാനായി മനുഷ്യാവകാശ കമ്മീഷൻ ഈയിടെയാണ് തമിഴ്നാട്-കർണ്ണാടക ഗവർമ്മേണ്ടുകളോട് ആജ്ഞാപിച്ചത്.

ഇവരിൽ കർണ്ണാടകക്കാരായ 51 പേർക്ക് മാർച്ച് ഒടുവിൽ ചാമരാജ് നഗർ ജില്ലയിലെ കൊല്ലഗൽ താലൂക്കാപ്പീസിൽ വച്ച് നഷ്ടപരിഹാരം നൽകാനായിരുന്നു പ്ലാൻ. എന്നാൽ നഷ്ടപരിഹാര വിതരണ വേദിയിൽ 29 സ്ത്രീകൾ മാത്രമേ നഷ്ടപരിഹാരത്തുക സ്വീകരിച്ചുള്ളൂ. ഗ്രാമീണരെ ഭേദ്യം ചെയ്ത അതേ പോലീസുകാരുടെ മുന്നിൽവച്ചായിരുന്നു നഷ്ടപരിഹാരവിതരണം. ഇതിൽ പ്രതിഷേധിച്ച് കുറെ പേർ ബഹളംകൂട്ടി; 22 പേർ വെറും കയ്യോടെ മടങ്ങി. കാക്കി ധരിച്ചവരെ കണ്ടാൽ തന്നെതാൻ വിറച്ചുതുടങ്ങുമെന്നും, അവരുടെ കയ്യിൽനിന്ന് പണം വാങ്ങാനാവില്ലെന്നും നെല്ലമ്മ പറഞ്ഞു.

വടകപ്പള്ളം ഗ്രാമത്തെ പോലീസ് വളഞ്ഞതും, പോലീസ് ക്യാമ്പിലേക്ക് തന്നെ വലിച്ചിഴച്ചുകൊണ്ടുപോയതും നെല്ലമ്മ ഇന്നും ഓർക്കുന്നു. ഒന്നര കൊല്ലക്കാലം നെല്ലമ്മക്ക് പോലീസ് ക്യാമ്പിൽ കഴിയേണ്ടിവന്നു. എട്ടുമാസം ഗർഭിണിയായിരുന്ന തന്നെ പോലീസ് ഭീകരമായി ഭേദ്യം ചെയ്തുവെന്നും പോലീസ് ക്യാമ്പിൽ പുരുഷൻമാർക്കിടയിൽ കിടന്ന് തനിക്ക് പ്രസവിക്കേണ്ടിവന്നുവെന്നും അവർ പറഞ്ഞു. പ്രസവിച്ച് മൂന്നാം ദിവസം തന്നെ പോലീസുകാർ ശിശുവിനെ റാഞ്ചിക്കൊണ്ടുപോയി നെല്ലമ്മയുടെ മാതാപിതാക്കളെ ഏൽപ്പിച്ചു. അതിന്നകംതന്നെ നെല്ല

മ്മയുടെ ഭർത്താവിനെ പോലീസുകാർ കൊന്നിരുന്നു. നെല്ലമ്മക്ക് രണ്ടുലക്ഷം രൂപയാണ് ഇടക്കാല നഷ്ടപരിഹാരം കിട്ടിയത്. "ഞാനിതുകൊണ്ട് അവനെ പഠിപ്പിക്കും" എന്ന് അവർ കുട്ടിയെ ചൂണ്ടിക്കാട്ടിക്കൊണ്ടു പറഞ്ഞു.

മകനെ ജീവനോടെ കിട്ടിയെന്നെങ്കിലും നെല്ലമ്മക്ക് ആശ്വസിക്കാം. എന്നാൽ പൊന്നരശിക്ക് ആ ഭാഗ്യം പോലും ഉണ്ടായില്ല. ആറുമാസം ഗർഭിണിയായിരിക്കെയാണ് പൊന്നരശിയെ പോലീസുകാർ പിടിച്ചുകൊണ്ടുപോയത്. പോലീസ് ക്യാമ്പിൽ പ്രസവിച്ച ഉടനെ പോലീസുകാർ കുഞ്ഞിനെ കൊന്നു.

ബലാത്സംഗത്തിന്നിരയായെന്ന് പുറത്തറിഞ്ഞാൽ നാട്ടുകാർ ഭ്രഷ്ട് കൽപ്പിക്കുമെന്നതുകൊണ്ട് ആരും ബലാത്സംഗക്കാര്യം തുറന്നു പറയുന്നില്ല. എന്നാൽ പോലീസ് ക്യാമ്പിൽ താമസിച്ചിരുന്ന സ്ത്രീകളെ പോലീസുകാർ ലൈംഗികമായി ചൂഷണം ചെയ്തിരുന്നുവെന്നത് ഒരു വസ്തുതയാണ്. സ്ത്രീകളെ പിടിച്ചുകൊണ്ടു പോകുന്നതുതന്നെ അതിന്നായിരുന്നു.

അഞ്ചിപാളയക്കാരിയായ പളനിയമ്മാൾ ഇപ്പോൾ സ്വന്തം ഗ്രാമത്തിലേക്ക് പോകാറില്ല. ഒമ്പതു കൊല്ലക്കാലം ഇവരെ പോലീസ് ക്യാമ്പിൽ പിടിച്ചിട്ടിരുന്നു. നാട്ടിൽ ചെന്നാൽ നാട്ടുകാർ കുത്തുവാക്കുകൾ പറഞ്ഞുതുടങ്ങുമെന്ന് അവർ ഭയപ്പെടുന്നു.

"എനിക്കിനി ജീവിക്കണമെന്നില്ല. ഇരുപതു വയസ്സുള്ള മകളുടെ ജീവിതം നശിപ്പിക്കേണ്ടെന്നു കരുതിമാത്രമാണ് ജീവിക്കുന്നത്" എന്ന് അവർ പറഞ്ഞു. തനിക്ക് കഴിവുണ്ടായിരുന്നുവെങ്കിൽ, താൻ ആ പോലീസുദ്യോഗസ്ഥൻമാരെ കൊന്നു കളയുമായിരുന്നുവെന്ന് പളനിയമ്മാൾ പറഞ്ഞു. "ഇവരെന്റെ ഭർത്താവിനെ കൊന്നു; രണ്ടു സഹോദരൻമാരെ കൊന്നു; അഛനേയും കൊന്നു. എഴുപതുവയസ്സുള്ള അമ്മക്കും ദീർഘകാലം ജയിലിൽ കിടക്കേണ്ടിവന്നു" എന്ന് പളനിയമ്മാൾ പറഞ്ഞു.

എഴുപതുവയസ്സുള്ള അമ്മാസിയും രോഷാകുലയാണ്. ഇവരുടെ രണ്ടുപുത്രൻമാരും "ഏറ്റുമുട്ട"ലിൽ കൊല്ലപ്പെട്ടു. തന്റെ ഗ്രാമത്തിൽനിന്ന് പിടിച്ചുകൊണ്ടു പോയ പത്തു പുരുഷൻമാരിൽ ആരും തിരിച്ചെത്തിയിട്ടില്ലെന്ന് അവർ പറഞ്ഞു. ❑

---

## മൂന്നാറിൽനിന്ന് .....................

വാഗമണ്ണിന്റെ കഷ്ടകാലത്തിന്ന് ഉത്തരവാദികൾ ടൂറിസം മാത്രമല്ല; വർഗ്ഗീയ ശക്തികളും ഇതിന്നിടയിൽ നുഴഞ്ഞുകയറിയിട്ടുണ്ട്. വാഗമണ്ണിലെ "കുരിശുമല" ഒരു തീർത്ഥാടന കേന്ദ്രമാക്കി മാറ്റിയിരിക്കുന്നു. ആ പ്രദേശത്ത് ക്രൈസ്തവർ കുറവാണെന്നത് ഇവർക്കൊരു പ്രശ്നമല്ല. അങ്ങനെ ഒരു കുരിശുമല ഉയർന്നു വരുമ്പോൾ മറ്റുള്ളവർക്ക് സഹിക്കാനാകില്ലല്ലോ. അങ്ങനെ അപ്പുറത്തൊരു മുരുകന്റെ അമ്പലവും ഉയർന്നുവന്നു. ഇവയോട് മത്സരിച്ചുകൊണ്ട് ഒരു മുസ്ലീം പള്ളിയും ഉയർന്നു വന്നിട്ടുണ്ട്.

തേയില തോട്ടങ്ങളും കാടും പുൽമേടുകളും നിറഞ്ഞ ഒരു മേഖലയായിരുന്നു വാഗമൺ. ഇന്ന് അതിന്റെ സ്ഥിതി അതിദയനീയമാണ്. പ്രകൃതിദത്തമായ അരുവികളുടെ ഒഴുക്ക് തടഞ്ഞിരിക്കുന്നു. പച്ച പുതച്ചകുന്നുകളെ കീറിമുറിച്ചെത്തുന്ന ടൂറിസ്റ്റ് വാഹനങ്ങൾ വാഗമണ്ണിനെയാകെ മലിനമാക്കിക്കൊണ്ടിരിക്കുന്നു. ഇതിനെല്ലാമിടയിൽ ഭൂമികയ്യേറ്റവും റിസോർട്ട് നിർമ്മാണവും നടക്കുന്നു. ❑

# മൂന്നാംമുറ പ്രയോഗിക്കാതെ കേസന്വേഷണം നടത്താം

**- മയങ്ക് തിവാരി -**

**ബീ**ഹാറിലെ മാധോൾ ഗ്രാമക്കാരനായ അനിൽ പാണ്ഡെ കുറച്ചു കാലം മുമ്പ് പോലീസ് ലോക്കപ്പിൽ മരിച്ചുകിടക്കുന്നതായി കാണപ്പെട്ടു. കഠിനമായ ദണ്ഡനമേറ്റാണ് അയാൾ മരിച്ചത്. അയാൾക്കെതിരെ മൂന്നാം മുറ പ്രയോഗിച്ചതിന്റെ എല്ലാ തെളിവും മൃതദേഹത്തിന്മേലുണ്ടായിരുന്നു. വിവരമറിഞ്ഞ് നാട്ടുകാർ ക്ഷോഭിച്ചിളകി. സീനിയർ പോലീസുദ്യോഗസ്ഥൻമാർ ഇടപെടുകയും നാലുപോലീസുകാരെ അറസ്റ്റ് ചെയ്യാൻ കല്പന നൽകുകയും ചെയ്തതിനെത്തുടർന്ന് ജനങ്ങൾ ശാന്തരായി.

പാണ്ഡെയുടെ ഒരു ബന്ധു പോലീസിന്നെതിരെ ഹൈക്കോടതിയിൽ ഒരു റിട്ട് ഹർജി സമർപ്പിച്ചു. ഹൈക്കോടതിയുടെ കല്പന പ്രകാരം ഗവർമ്മേണ്ട് സി.ഐ.ഡി. വിഭാഗത്തെക്കൊണ്ട് ഒരന്വേഷണം നടത്തിച്ചു. പോലീസുകാർ പ്രഥമദൃഷ്ട്യാകുറ്റക്കാരാണെന്നു കണ്ടുവെങ്കിലും പ്രശ്നം കേസിൽ കുടുങ്ങി കിടപ്പാണ്.

പാണ്ഡെയുടേത് ഒറ്റപ്പെട്ടൊരു സംഭവമല്ല. കേസന്വേഷണത്തിന്റെ ഭാഗമായി മൂന്നാംമുറ പ്രയോഗിക്കുന്നത് ബീഹാറിൽ സാധാരണമാണ്. ബീഹാറിൽ മാത്രമല്ല, മറ്റു സംസ്ഥാനങ്ങളിലും ഇതെല്ലാം തന്നെയാണ് സ്ഥിതി. വിവിധ സംസ്ഥാനങ്ങളിലെ മനുഷ്യാവകാശ കമ്മീഷനുകളുടെ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നതും അതാണ്. ഇന്ത്യയിലെ പത്തുസംസ്ഥാനങ്ങളിലെ മൂന്നാംമുറ പ്രയോഗങ്ങൾ പഠിക്കാനായി യൂറോപ്യൻ യൂണിയൻ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ഈ പഠനം മൂന്നുകൊല്ലം തുടരും.

കേസന്വേഷണരംഗത്ത് വല്ലാത്തൊരു വിരോധാഭാസമാണ് ഇന്നുനിലനിൽക്കുന്നത്. കേസുകൾ സംബന്ധിച്ച് വിവരങ്ങൾ ശേഖരിക്കാൻ മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്തത്ര സൗകര്യങ്ങൾ ഇന്ന് പോലീസിന്ന് ലഭ്യമാണ്; എന്നിട്ടും മൂന്നാംമുറ പ്രയോഗം വർധിക്കുന്നു. കുറ്റവാളിയുടെ മൊബൈൽഫോൺ പരിശോധിച്ചാൽ, അയാൾ എവിടെയായിരുന്നു എന്തുചെയ്യുകയായിരുന്നു തുടങ്ങിയ വിവരമെല്ലാം കിട്ടും! അയാളുടെ തലച്ചോറിലേക്ക് എത്തിനോക്കാനും ഒളിച്ചുനോക്കാനും ഇന്ന് ശാസ്ത്രീയോപകരണങ്ങൾ ലഭ്യമാണ്. എന്നിട്ടും ചോദ്യം ചെയ്യലെന്ന പ്രക്രിയ മൂന്നാം മുറ പ്രയോഗമാകുന്നതെന്തുകൊണ്ടാണ്? നീതിന്യായ സംവിധാനത്തിന്റെ ദു:സ്ഥിതി ഇതിനെല്ലാം കാരണമാണെന്നു പറയുന്നതിൽ വലിയ അർത്ഥമൊന്നുമില്ല. മൂന്നാംമുറപ്രയോഗത്തിന്നെതിരായ 1984 ലെ ഐ.രാ. കൺവെൻഷനിൽ ഇന്ത്യ ഒപ്പിട്ടിട്ടുണ്ടെങ്കിലും ഇരുപതുകൊല്ലം കഴിഞ്ഞിട്ടും ഗവർമ്മേണ്ട് അംഗീകാരം നൽകിയിട്ടില്ലെന്നത് ശരിയാണ്. കുറ്റകൃത്യങ്ങൾ തടയാനായി ഗവർമ്മേണ്ട് കെട്ടുകണക്കിന്നു നിയമങ്ങൾ പാസാക്കിവച്ചിട്ടുണ്ടെങ്കിലും, അതിലൊന്നിലുംതന്നെ "മൂന്നാംമുറ" എന്നതിന്നൊരു നിർവ്വചനം നൽകിയിട്ടില്ലെന്നതും ശരിയാണ്. പോലീസ് വിഭാഗം സംസ്ഥാനങ്ങളുടെ നിയന്ത്രണത്തിലാകയാൽ ഇന്ത്യക്ക് പൊതുവായൊരു സമീപനം വിഷമമാണെന്ന സത്യം ശരിതന്നെ. ഇങ്ങനെയെല്ലാമാണെങ്കിലും കേസന്വേഷണങ്ങൾക്ക് പറ്റിയ പുതിയ കരുക്കൾ ഉപയോഗിക്കാവുന്നതേയുള്ളൂ. ആധുനിക

കുറ്റാന്വേഷണ രീതികൾ അത്യപൂർവ്വമായേ ഇവിടെ ഉപയോഗപ്പെടുത്തിവരുന്നുള്ളുവെന്നതാണ് വ്സ്തവം.

ബാംഗ്ലൂരിലെ ഫോറൻസിക് സയൻസ് ലാബറട്ടറിയിൽ കുറ്റവാളികളുടെ ബ്രെയിൻമാപ്പിങ്ങ് നടത്താനും നർക്കോ അനാലിസിസ് നടത്താനും സൗകര്യമുണ്ട്. ഈ സൗകര്യമുണ്ടാക്കിയിട്ട് കാലം കുറെയായി. തമിഴ്നാട്ടിലെ കാട്ടുകള്ളനായ വീരപ്പനെ പിടിക്കാൻ നിയുക്തമായ സ്പെഷൽ ടാസ്ക് ഫോഴ്സ് വീരപ്പന്റെ ഒരു സഹചരനായ കേശവരാജയെ 2000 ൽ പിടികൂടിയിരുന്നു. കേശവരാജയെ ബാംഗ്ലൂരിൽകൊണ്ടുവന്ന് ബ്രയിൻ മാപ്പിങ്ങിന്നും നർക്കോ അനാലിസിസിന്നും വിധേയനാക്കിയപ്പോൾ ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ പോലീസ് വീരപ്പെന്റെ ഒട്ടേറെ ഒളിത്താവളങ്ങൾ തകർക്കുകയുണ്ടായി. ഇതിന്നുശേഷം ബാംഗ്ലൂർ ലാബറട്ടറിയിൽ എഴുന്നൂറിൽപരം ബ്രെയിൻമാപ്പിങ്ങും മൂന്നൂറിൽപരം നർക്കോ അനാലിസിസ്സും നടത്തിയിട്ടുണ്ട്. ബാംഗ്ലൂരിന്നുപുറമെ ഇപ്പോൾ ഗുജറാത്തിലും ലാബറട്ടറി സൗകര്യങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്.

ബ്രെയിൻ മാപ്പിങ്ങ് എന്നാൽ എന്താണ്, നർക്കോ അനാലിസിസ് എന്നാൽ എന്താണ് എന്നൊന്നും പോലീസ് മേധാവിമാരിൽ മിക്കവർക്കും അറിയില്ല എന്നതാണ് യഥാർത്ഥ പ്രശ്നം. ബ്രെയിൻ മാപ്പിങ്ങ്, നർക്കോ അനാലിസിസ് എന്നിവയെപ്പറ്റി അറിയാവുന്ന ഏതൊരു പോലീസുകാരനും കുറ്റാന്വേഷണത്തിന്ന് നിസ്സംശയം അവയെ ഉപയോഗപ്പെടുത്തുമെന്ന് ബാംഗ്ലൂർ ലാബറട്ടറിയുടെ ഡയറക്ടറായ ഡോ. ഡി. മോഹൻ പറയുന്നു. ഇത് ഉപയോഗപ്പെടുത്തിയാൽ വളരെ കൃത്യമായ വിവരം ലഭിക്കും. ഇതിൽ രഹസ്യമായിട്ടൊന്നുമില്ല; എല്ലാം പരസ്യമായിട്ടാണ് നടത്തുന്നത് മൂന്നാം മുറയുടെ പ്രശ്നമേയില്ല എന്ന് അദ്ദേഹം പറയുന്നു.

പോലീസുകാർക്കിടയിലും അഭിഭാഷകർക്കിടയിലും ഈ കുറ്റാന്വേഷണരീതിയെക്കുറിച്ചുള്ള പരിജ്ഞാനം അതിശുഷ്കമാണെന്ന് ബാംഗ്ലൂർ ലാബറട്ടറിയിലെ മന:ശാസ്ത്രവിദഗ്ദ്ധനായ ഡോ. എസ്. മാലിനി പറയുന്നു.

പോലീസിന്റെ കാര്യത്തിൽമാത്രമല്ല, സൈന്യത്തിന്റെ കാര്യത്തിലും സ്ഥിതി ഇതാണ്. ഒരു ഭീകരനെ പിടിച്ചാൽ അയാളെ പോലസിന്നു കൈമാറണമെന്നാണ് നിയമം. പോലീസ്, രഹസ്യാന്വേഷണ വിഭാഗം, വിദേശ രഹസ്യാന്വേഷണവിഭാഗം എന്നിവയുടെ പ്രതിനിധികളടങ്ങിയ ഒരു സംഘമാണ് പുള്ളിയെ ചോദ്യം ചെയ്യേണ്ടത്. പക്ഷെ ഇതൊക്കെ നിയമം മാത്രമാണ്; ഇങ്ങനെയൊന്നും നടക്കാറില്ല. ഭീകരനിൽനിന്ന് ചോർത്താവുന്നതെല്ലാം ചോർത്തിയെടുത്ത ശേഷമെ പട്ടാളക്കാർ അയാളെ കൈമാറാറുള്ളൂ.

ശാസ്ത്രീയമായ കുറ്റാന്വേഷണത്തിന്ന് ഇന്ത്യയിൽ ലഭ്യമായ പ്രധാനപ്പെട്ട മൂന്നുകരുക്കൾ പോളിഗ്രാഫ്, നർക്കോ അനാലിസിസ്, ബ്രെയിൻ മാപ്പിങ്ങ് എന്നിവയാണ്. ഒരാൾ ചെയ്തതായികരുതപ്പെടുന്ന കുറ്റത്തെപ്പറ്റി അയാളോട് ചോദിച്ചാൽ, അയാൾ കുറ്റംചെയ്തവനാണെങ്കിൽ അയാളുടെ ശരീരം പ്രതികരിക്കും; രക്തസമ്മർദ്ദം കൂടും; ശ്വാസോഛ്വാസം വർധിക്കും അങ്ങനെ ശരീരത്തിൽ പല മാറ്റങ്ങളും സംഭവിക്കും. ഇതെല്ലാം ശാസ്ത്രീയമായി അടയാളപ്പെടുത്തുന്ന സംവിധാനമാണ് പോളിഗ്രാഫ്. ഒരു പ്രതിയെ പോളിഗ്രാഫിന് വിധേയമാക്കാൻ കോടതിയുടെ അനുമതി വാങ്ങേണ്ടതില്ല. പോളിഗ്രാഫിന്റെ ഫലം തെളിവായി കോടതി സ്വീകരിക്കില്ലെങ്കിലും ലോകത്തിലെല്ലായിടത്തും ഈ ടെസ്റ്റ് വിജയകരമായി നടത്തിവരുന്നുണ്ട്.

ചികിത്സയുടെ ഭാഗമായി വികസിപ്പിച്ചെടുത്തതാണ് നർക്കോ അനാലിസിസ്. പ്രതിയുടെ സമ്മതത്തോടുകൂടി മാത്രമെ ഈ ടെസ്റ്റ് നടത്താൻ പാടുള്ളൂ. എന്നാൽതന്നെ ടെസ്റ്റിന്റെ ഫലം കോടതിയിൽ തെളിവായി സ്വീകരിക്കില്ല. ഒരു മന:ശാസ്ത്ര വിദഗ്ദ്ധനും മയക്കുമരുന്നു നൽകാനുള്ള അനസ്തേറ്റിസ്റ്റും ചേർന്നാണ് പ്രതിയെ ഒരുക്കുന്നത്. എന്താണ് ചെയ്യാൻ പോകുന്നതെന്നും എന്താണ് ഉദ്ദേശ്യമെന്നും പ്രതിയെ ആദ്യം തന്നെ ധരിപ്പിച്ചിരിക്കണം. അതിന്നുശേഷം പ്രതിയുടെ രക്തസമ്മർദ്ദം, നാഡിമിടിപ്പ് തുടങ്ങിയവ നോക്കണം. അതിന്നുശേഷം ആവശ്യത്തിന്നുവേണ്ടത്ര മയക്കുമരുന്ന് കുത്തിവയ്ക്കണം. ആറുമണിക്കൂർ മയക്കിക്കിടത്തി നടത്തുന്ന ഒരു ടെസ്റ്റാണിത്.

തലച്ചോറിന്റെ പ്രതികരണം മനസ്സിലാക്കുന്നതിന്നുള്ളതാണ് ബ്രെയിൻ മാപ്പിങ്ങ്. ശരീരത്തിൽ ആറോ ഏഴോ ന്യൂറോ സെൻസറുകൾ ഘടിപ്പിച്ച ശേഷം പ്രതിയുടെ മുന്നിൽ ചിത്രങ്ങളും വാക്കുകളും കാണിക്കുകയാണ് ചെയ്യുക. പ്രതിയുടെ തലച്ചോറ് എങ്ങനെ പ്രതികരിക്കുന്നുവെന്ന് അറിയുകയാണ് ഉദ്ദേശം.

ബാംഗ്ലൂരിൽ നടത്തിയ ടെസ്റ്റുകൾക്ക് നേതൃത്വംവഹിച്ച ഡോ.മാലിനി പറയുന്നത് ടെസ്റ്റുകളിൽ 97 ശതമാനവും വിജയകരമാണെന്നാണ്. നിർദ്ദോഷികൾ ശിക്ഷിക്കപ്പെടുകയില്ലെന്ന് ഉറപ്പുവരുത്താൻ പറ്റിയ ഏറ്റവും നല്ലമാർഗ്ഗം ഇതാണെന്നും അവർ പറയുന്നു. മാനസികമായി ഉയർന്ന ശേഷിയുള്ളവർക്കേ നുണ പറയാൻ കഴിയൂ. സോഡിയം പെന്റാത്തോൾ, കുത്തിവച്ചാൽ ആ ശേഷി നഷ്ടപ്പെടും. പിന്നെ ഒരാൾക്ക് നുണ പറയാനാവില്ല. നർക്കോ അനാലിസിസിന്റെ മർമ്മം അതാണ്. ❑

## 5 എം.പി.മാരുടെ വിദേശയാത്രകൾ

**ബാ**ബുഭായ് കട്ടാര (ബി.ജെ.പി.) 2005 ഡിസംബർ 10ന്ന് അമേരിക്കയിലേക്ക്; 2006 സെപ്തംബർ 29ന്ന് ലണ്ടനിലേക്ക്; 2006 ഡിസംബർ 6ന്ന് കനഡയിലേക്ക്. എല്ലായിടത്തേക്കും ഒരു സ്ത്രീ കൂടെ ഉണ്ടായിരുന്നു; ഇന്ത്യയിലേക്ക് മടങ്ങുമ്പോൾ ആരും കൂടെയില്ല.

മിത്രസെൻ യാദവ് (ബി.എസ്.പി.) 2006 ആഗസ്റ്റ് 16ന്ന് ലണ്ടനിലേക്ക്; 2006 ഒക്ടോബർ 20ന്ന് സിങ്കപ്പൂരിലേക്ക്. ലണ്ടനിലേക്ക് ഒരു സ്ത്രീകൂടെ ഉണ്ടായിരുന്നു; മടക്കം തനിച്ച്. സിങ്കിപ്പൂരിലേക്ക് ആരെങ്കിലും കൂടെ ഉണ്ടായിരുന്നുവോ എന്ന് പോലീസ് അന്വേഷിക്കുന്നു.

അശോക് റാവത്ത് (ബി.എസ്.പി. എം.പി.) 2007 ഫെബ്രുവരി 9ന്ന് ലണ്ടനിലേക്ക്; ഫെബ്രുവരി 12ന്ന് മടങ്ങി. ലണ്ടനിലേക്ക് ഒരു സ്ത്രീകൂടെ ഉണ്ടായിരുന്നു; മടക്കയാത്ര തനിച്ച്.

മൊഹമ്മദ് തഹീർഖാൻ (ബി.എസ്.പി. എം.പി.) 2006 ജൂലായ് 1ന്ന് ലണ്ടനിലേക്ക്; ജൂലായ് 4ന്ന് മടക്കയാത്ര. കൂടെ ഒരാളുണ്ടായിരുന്നു.(ആണോ പെണ്ണോ എന്ന് അറിവായിട്ടില്ല) ആരായാലും ഖാൻ തനിച്ചാണ് മടങ്ങിയത്.

രാജസ്ഥാനിൽനിന്നുള്ള ബി.ജെ.പി. എം.പി. യായ രാമസ്വരൂപ് കോലിയും മറ്റൊരാളേയും കൂട്ടി ഹ്രസ്വമായ വിദേശയാത്രകൾ നടത്തിയിട്ടുണ്ട്; എന്നാൽ മടക്കയാത്രകൾ തനിച്ചായിരുന്നു. തന്റെ പാസ്പോർട്ട് ആരോ മോഷ്ടിച്ചുവെന്നാണ് കോലി ഇപ്പോൾ പറയുന്നത്. അതിന്നാൽ എവിടെയെല്ലാംപോയി എന്നറിയാൻ മാർഗ്ഗമില്ല. ❑

# മതനിയമം നടപ്പാക്കാൻ പാക്കിസ്ഥാനിൽ പെൺപട



**പാ**ക് തലസ്ഥാനമായ ഇസ്ലാമാബാദിന്റെ പ്രാന്തപ്രദേശത്ത്, ഗവർമ്മേണ്ട് ജീവനക്കാർ താമസിക്കുന്ന മേഖലയിലാണ് ആബ്പാറ മാർക്കറ്റ്. ഇസ്ലാമാബാദിലെ പരിഷ്കൃത വ്യാപാര സമുച്ചയങ്ങളിലെ വിലയുടെ പകുതി വിലക്ക് ഏതൊരു സാധനവും ഈ മാർക്കറ്റിൽ കിട്ടും; മാത്രമല്ല മറ്റെങ്ങും കിട്ടാത്ത സാധനങ്ങൾ പോലും ഇവിടെ ലഭ്യമാണ്. ഡി.വി.ഡി. കൾ സി.ഡി. കൾ, സംഗീത കാസറ്റുകൾ തുടങ്ങിയവ വിൽക്കുന്ന ഒരു ഡസനോളം കടകളും ഇവിടെയുണ്ട്. കഴിഞ്ഞ ഫെബ്രുവരി മുതൽക്ക് ഈ കടകളിൽ അസാധാരണരായ ചില സന്ദർശകർ എത്തിത്തുടങ്ങി. ഇവരാരും ഷോപ്പിങ്ങിനുവരുന്നവരല്ല, ഷോപ്പ് പൂട്ടിക്കാൻ വരുന്നവരാണ്.

തൊട്ടടുത്ത് ലാൽ മസ്ജിദ് എന്നൊരു പള്ളിയുണ്ട്. അതിന്റെ കീഴിൽ രണ്ടുമദ്രസകളുമുണ്ട്-ഒന്ന് യുവാക്കൾക്കും മറ്റേത് യുവതിമാർക്കും. സംഗീതകാസറ്റും മറ്റും വിൽക്കുന്നത് ഇസ്ലാം വിരുദ്ധമാണെന്ന് മുഖംമൂടിയും മുളവടിയുമായെത്തിയ കുട്ടികൾ കടയുടമകളോട് പറഞ്ഞു. ആദ്യം ആരുമത് കാര്യമാക്കിയില്ല.

ഒരു ദിവസം മദ്രസകളിൽനിന്നുള്ള യുവതീയുവാക്കൾ സമീപത്തെ ഒരു വീട് കയ്യേറുകയും വീട്ടിലുണ്ടായിരുന്ന മൂന്നുസ്ത്രീകളെ വലിച്ചിഴച്ചുകൊണ്ടുപോകുകയും ചെയ്തു. ഇവർ വ്യഭിചാരശാല നടത്തുന്നവരാണെന്നാണ് കുട്ടികൾ ആരോപിച്ചത്. രണ്ടു ദിവസത്തിന്നുശേഷമേ ഇവർ സ്ത്രീകളെ വിട്ടയച്ചുള്ളൂ.

പാക് അഫ്ഘാൻ അതിർത്തി പ്രദേശങ്ങളിൽ താലിബാൻ ഭക്തന്മാർ ഇപ്പോഴും സുലഭമായുണ്ട്. വാസ്തവത്തിൽ വടക്കു പടിഞ്ഞാറൻ അതിർത്തി പ്രദേശത്ത് പാക് ഗവർമ്മേണ്ടിന്ന് ഒരു നിയന്ത്രണാധികാരവുമില്ല. ഈ പ്രദേശങ്ങളിൽ ബാർബർമാർ ക്ഷൗരവൃത്തി നടത്തുന്നതുതന്നെ നിരോധിക്കപ്പെട്ടിട്ടുണ്ട്. പെൺകുട്ടികളും അധ്യാപികമാരും പർദ്ദ ധരിക്കണമെന്നത് അവിടെ നിർബന്ധമാണ്.

എന്നാൽ ഇപ്പോൾ താലിബാനിസം അതിർത്തി പ്രദേശങ്ങളിൽനിന്ന് ഉൾപ്രദേശങ്ങളിലേക്കും പടർന്നു പിടിച്ചുകൊണ്ടിരിക്കുകയാണ്. വടക്കു പടിഞ്ഞാറൻ അതിർത്തി സംസ്ഥാനത്തിന്റെ തലസ്ഥാനമായ പെഷവാറിൽ സ്കൂളുകൾ കുറെ ദിവസം അടച്ചിടേണ്ടിവന്നു. ആൺകുട്ടികളും പെൺകുട്ടികളും ഒന്നിച്ചു പഠിക്കുന്ന സ്കൂളുകളിൽ ബോംബു വക്കുമെന്ന ഭീഷണിയാണിതിന്ന് കാരണമായത്.

എന്നാൽ ആബ്പാറയെന്നത് അതിർത്തി പ്രദേശങ്ങളിലെ ഓണംകേറാമൂലയൊന്നുമല്ല. പ്രസിഡണ്ട് മുഷറഫിന്റെ ഓഫീസ്, നാഷണൽ അസംബ്ലി, സെക്രട്ടറിയറ്റ് , പ്രധാനപ്പെട്ട മന്ത്രി കാര്യാലയങ്ങൾ തുടങ്ങിയവ സ്ഥിതി ചെയ്യുന്ന കോൺസ്റ്റിട്യൂഷൻ അവന്യുവിൽനിന്ന് വെറും രണ്ടുകിലോമീറ്റർ ദൂരമേ അങ്ങോട്ടുള്ളൂ. അബ്ദുൾ അസീസ്, അബ്ദുൾ റഷീദ് എന്നീ സഹോദരന്മാരാണ് ലാൽമസ്ജിദ് നടത്തുന്നത്. കറുത്ത പർദ്ദ ധരിച്ച മുളവടിയേന്തിയ സ്ത്രീകളെ സമരത്തിന്നിറക്കി എന്നതാണ് ഇവരുടെ ഏറ്റവും വലിയ നേട്ടം.

ഇസ്ലാമാബാദിൽ പുറമ്പോക്ക് കയ്യേറി സ്ഥാപിച്ച എൺപതിൽപരം പള്ളികളുണ്ട്. പാക് ഗവർമ്മേണ്ട് ഈയിടെ ഇതെല്ലാം പൊളിച്ചു കളയാൻ തീരുമാനിച്ചു. ഇവയിൽ ആദ്യത്തെ പള്ളി പൊളിക്കാൻ തുടങ്ങിയപ്പോൾ, മദ്രസയിലെ യുവതിമാർ, തൊട്ടടുത്തുള്ള കുട്ടികളുടെ ലൈബ്രറി കയ്യേറി കുട്ടികളെ തടങ്ങലിലാക്കി. ഇവർതന്നെയാണ് അപ്പുറത്തുള്ള വീട് വേശ്യാലയമാണെന്നു പറഞ്ഞ് അവിടത്തെ സ്ത്രീകളെ പിടിച്ചുകൊണ്ടുപോയത്.



അബ്ദുൾ റഷീദ്

ലാൽമസ്ജിദും അതിന്റെ കീഴിലുള്ള പെൺമദ്രസയും ഒരുകാര്യം വ്യക്തമാക്കുന്നു- മതപരമായ തീവ്രവാദം രാജ്യവ്യാപകമായ ഒരു യാഥാർത്ഥ്യമാണ്. രാജ്യത്തിന്റെ ഓണംകേറാമൂലകളിലെ ഒരു പ്രതിഭാസമല്ല, രാജ്യത്തിന്റെ ഹൃദയസ്ഥാനത്തെത്തന്നെ അതുബാധിച്ചിരിക്കുന്നു. ലാൽ മസ്ജിദിൽ ഇപ്പോൾ ഒരു ശരിഅത് കോടതിയും സ്ഥാപിതമായിട്ടുണ്ട്. തലമൂത്ത പത്ത് പുരോഹിതൻമാരാണ് അത് നടത്തുന്നത്. ആർക്കെതിരായും ''ഫത്വ'' പുറപ്പെടുവിക്കാൻ ഇവർക്കധികാരമുണ്ട്. ഇവരുടെ ഒന്നാമത്തെ ''ഫത്വ'' ടൂറിസം മന്ത്രിയായ മിസിസ് നിലോഫർ ഭക്ത്യാർക്കെതിരായുള്ളതാണ്. ഈയിടെ ഫ്രാൻസിൽ ഒരു പാരഗ്ലൈഡിങ്ങിൽ വിജയകരമായി പങ്കെടുത്തതിന്ന് ഒരു പരിശീലകൻ നിലോഫറിനെ പുറത്തു തട്ടി അഭിനന്ദിക്കുന്നതിന്റെ ചിത്രം പാക്കിസ്താനിൽ വ്യാപകമായി പ്രചരിപ്പിക്കപ്പെട്ടിരുന്നു.

യാഥാസ്ഥിതികർ ഇങ്ങനെ മദിച്ചിട്ടും ഗവർമ്മേണ്ട് ഒന്നും ചെയ്യാത്തതെന്താണ്? കാസറ്റ് വില്പനക്കാർ മുതൽ പത്രാധിപന്മാർവരെയുള്ളവർ ചോദിക്കുന്ന ചോദ്യമാണിത്. ലാൽമസ്ജിദിന്റെ പ്രവർത്തനങ്ങളെ പ്രസിഡണ്ട് മുഷറഫും പ്രധാനമന്ത്രി ഷൗക്കത്ത് അസീസും മന്ത്രിമാരും അപലപിച്ചിട്ടു

ണ്ടെന്നതു ശരിതന്നെ. നിയമം ലംഘിക്കാൻ അനുവദിക്കില്ലെന്നും, നിയമലംഘകർ അതിന്റെ ഭവിഷ്യത്ത് അനുഭവിക്കേണ്ടിവരുമെന്നുമെല്ലാം മന്ത്രിമാർ പ്രഖ്യാപിക്കുന്നുണ്ടെങ്കിലും ഫലത്തിൽ ഒന്നും ചെയ്യുന്നില്ല. നേരെ മറിച്ച് ഒരു നിസ്സഹായതാവസ്ഥ സർവ്വത്ര തളം കെട്ടി നിൽക്കുന്നു. ലാൽ മസ്ജിദിന്നെതിരെ നടപടിയെടുത്താൽ ചോരചിന്തേണ്ടിവരുമെന്നാണ് മുഷറഫ് പറയുന്നത്.

നിയമവിരുദ്ധമായി നിർമ്മിച്ച പള്ളികളിലൊന്ന് അധികൃതർ പൊളിച്ചപ്പോൾ പെൺമദ്രസയിലെ യുവതിമാർ അടുത്തുള്ള കുട്ടികളുടെ ലൈബ്രറി കയ്യേറിയിരുന്നു. ഒടുവിൽ, പൊളിച്ച പള്ളിയുടെ പുനർനിർമ്മാണം നടത്താൻ ഗവർമ്മേണ്ട് നിർബന്ധിതരായി. അതുപോലെ ഒരു വീടുകയറി അവിടെയുണ്ടായിരുന്ന മൂന്നു സ്ത്രീകളെ വലിച്ചിഴച്ചുകൊണ്ടുപോയ സംഭവവുമായി ബന്ധപ്പെട്ട് പോലീസ് രണ്ടു അധ്യാപികമാരെ അറസ്റ്റ് ചെയ്തിരുന്നു. അതിന്നു തിരിച്ചടിയായി രണ്ടു പോലീസുകാരെ ബന്ദികളാക്കി. ഒടുവിൽ അധ്യാപികമാരെ വിട്ടയച്ചുകൊണ്ടാണ് പോലീസുകാരെ മോചിപ്പിച്ചത്.

ലാൽ മസ്ജിദിലെ യുവതീയുവാക്കൻമാരുടെ വിക്രിയകൾ മുഷാരഫ് സംഘടിപ്പിക്കുന്ന നാടകമാണെന്ന് പീപ്പിൾസ് പാർട്ടിക്കാർ കുറ്റപ്പെടുത്തുന്നു. താലിബാനിസം തലസ്ഥാനത്തും എത്തി എന്ന പ്രതീതിയുളവാക്കി ജനങ്ങളെ ഭയപ്പെടുത്തുകയും അമേരിക്കക്കാരെ വിരട്ടുകയുമാണ് ഇതിന്റെ ലക്ഷ്യമെന്ന് അവർ പറയുന്നു. അമേരിക്ക കുറെകാലമായി മുഷാരഫിന്റെ മേൽ സമ്മർദ്ദം ചെലുത്തിവരികയാണ്. മുഷാരഫ് സൈന്യാധിപസ്ഥാനം ഒഴിയണമെന്നും, സ്വതന്ത്രവും നീതിപൂർവ്വവുമായ തിരഞ്ഞെടുപ്പു നടത്തണമെന്നുമാണ് അമേരിക്ക നിർബന്ധിക്കുന്നത്. ഇസ്ലാമാബാദിൽതന്നെ താലിബാന്റെ വിക്രിയകൾ അവതരിപ്പിച്ചാൽ അമേരിക്കൻ സമ്മർദ്ദം കുറയുമെന്ന് മുഷാരഫ് കരുതുന്നുണ്ടാകണം.

അരിച്ചുകയറുന്ന താലിബാനിസത്തിന്നു മുന്നിൽ ഭരണകൂടം നിസ്സഹായമായി നിൽക്കുമ്പോൾ ജനങ്ങൾ അസ്വസ്ഥരായിത്തീരുന്നു. വേശ്യയെന്ന് മുദ്രയടിച്ച് പെൺപട പിടിച്ചുകൊണ്ടുപോയി തടങ്ങലിൽ പാർപ്പിച്ച സ്ത്രീകളിൽ ഒരാളായ ഷമീം പറയുന്നു. ‘‘ഇസ്ലാമെന്നുപറയുന്നത് ഇതൊക്കെയാണെങ്കിൽ, ക്രിസ്തുമതത്തിലേക്ക് പരിവർത്തനം നടത്താനാണ് ഞാൻ ഇഷ്ടപ്പെടുക.’’

ലാൽ മസ്ജിദിലെ പെൺപടയെ നേരിടാൻ ഗവർമ്മേണ്ട് സ്വന്തമായൊരു പെൺപടക്ക് രൂപം നൽകി വരുന്നതായി റിപ്പോർട്ടുണ്ട്. പുരുഷന്മാരായ നൂറുകണക്കിന്ന് കമാൻഡോകളെ ഇതിന്നകം ലാൽമസ്ജിദിന്ന് ചുറ്റും നിരീക്ഷണത്തിന്നായി വിന്യസിച്ചിട്ടുള്ളതായും റിപ്പോർട്ടുണ്ട്.

പക്ഷെ തീവ്രവാദികളുടെ പരാക്രമം ഒരു ലാൽ മസ്ജിദിൽ ഒതുങ്ങുന്നില്ല. ഇസ്ലാമാബാദിൽനിന്ന് നൂറു കിലോമീറ്റർ ദൂരെയുള്ള കോഹത്തിലെ ഒരു ഗേൾസ് സ്കൂളിന്റെ നേരെ ഫെബ്രുവരിയിൽ ബോംബ് എറിയുകയുണ്ടായി. ദാരാ ആദം ഖേലിലെ ഗേൾസ് ഹൈസ്കൂളിൽ ബോംബ് എറിയുമെന്ന ഭീഷണിയെത്തുടർന്ന് ആകെയുള്ള 500 വിദ്യാർത്ഥിനികളിൽ 300 പേരും പഠിപ്പ് നിർത്തി. ഫെബ്രുവരിയിൽതന്നെ പെഷവാറിലെ ഇംഗ്ലീഷ് സ്കൂളുകൾ അടച്ചു പൂട്ടിച്ചു.

മുസ്ലീം തീവ്രവാദികൾ ഇപ്പോൾ സ്ത്രീകളുടെ നേരെയാണ് പരാക്രമം അഴിച്ചുവിടുന്നത്. അവരെനിരക്ഷരരായി നിസ്സഹായരായി, പർദ്ദക്കകത്ത് തളച്ചിടുക എന്നതാണ് അവരുടെ ലക്ഷ്യമെന്നു വ്യക്തം. അതിന്നവർ സ്ത്രീകളെത്തന്നെ പോരിന്നിറക്കിയിരിക്കുന്നു. ❑

# കറിയുപ്പിലെ അയോഡിൻ 'കയച്ച്' തുടങ്ങുന്നു!

**- ഡോ. ജയകൃഷ്ണൻ ടി. -**

**ബ്രി**ട്ടീഷ് സർക്കാർ ഉപ്പിന് നികുതി ചുമത്തിയപ്പോൾ ദണ്ഡികടപ്പുറത്ത് വെച്ച് അനുയായികൾക്കൊപ്പം ഗാന്ധിജി കടൽവെള്ളത്തിൽനിന്നും ഉപ്പ് കുറുക്കി നിയമലംഘനസമരം നടത്തിയതും അതിന്റെ അലകൾ നെഞ്ചിൽ ഏറ്റെടുത്ത് ഇന്ത്യൻ ജനതയൊട്ടാകെ 'ഉപ്പുസമരം' നടത്തിയതും സ്വാതന്ത്ര്യ സമരത്തിന്റെ പ്രധാന അദ്ധ്യായമാണ്. ഒടുവിൽ സാധാരണക്കാരെ ബാധിക്കുന്ന ഉപ്പുസമരത്തിൽ ബ്രിട്ടീഷുകാർക്ക് തോൽക്കേണ്ടിവന്നു. സ്വതന്ത്ര ഇന്ത്യയിൽ നടന്ന ഉപ്പുസമരങ്ങൾ മുഴുവനും 'അയോഡിനും-ഉപ്പുമായി' ബന്ധപ്പെട്ടതാണ്. "ഉപ്പുതിന്നവൻ വെള്ളം കുടിക്കേണ്ടിവരുമെന്ന് പറയുന്നത്" വെറും പഴഞ്ചൊല്ലുമാത്രമല്ല.

മനുഷ്യന്റെ ശരീര മസ്തിഷ്ക വളർച്ചക്കും ബുദ്ധിവികാസത്തിനും സഹായിക്കുന്ന തൈറോയിഡ് ഹോർമോണു (Thyroid Hormone) കളുടെ ഉല്പാദനത്തിന് അയോഡിൻ (Iodine)അത്യാവശ്യമാണ്. അത് നമ്മൾ കഴിക്കുന്ന ആഹാരത്തിലൂടേയും (90%) വെള്ളത്തിലൂടേയും(10%) മാണ് ശരീരത്തിന് ലഭ്യമാകുന്നത്. ഭൂമിയുടെ മേൽമണ്ണിലും, സമുദ്ര ജലത്തിലും സുലഭമായ അയോഡിൻ ആനുപാതികമായി അവിടെ ഉത്പാദിപ്പിക്കപ്പെടുന്ന സസ്യ മാംസ ഭക്ഷണ വസ്തുക്കളിലും ഉണ്ടായിരിക്കും. അതിനാൽ സാധാരണ അരി ഗോതമ്പ് പയറുകൾ, പച്ചക്കറികൾ മത്സ്യങ്ങൾ തുടങ്ങിയവ സമീകൃതമായി കഴിക്കുന്നവരിൽ മറ്റ് പോഷകാഹാര വസ്തുക്കളോടൊപ്പം അയോഡിനും ലഭ്യമാകുന്നതാണ്. അതിനാൽ ശരിയായ അളവിൽ സമീകൃത ആഹാരം കഴിക്കുന്നവരിൽ അയോഡിൻ അഭാവം (Iodine Deficiency) ഒറ്റതിരിഞ്ഞ് ഉണ്ടാകുകയില്ല. അയോഡിൻ അഭാവം വേറിട്ട ആരോഗ്യപ്രശ്നമായി കാണാതെ ദാരിദ്ര്യം ഭക്ഷ്യ സുരക്ഷ തുടങ്ങിയ പൂരകങ്ങളുമായി ചേർത്ത് വായിക്കപ്പെടേണ്ടതാണ്.

അമിത നഗരവത്കരണം, വനനശീകരണം, രാസവസ്തുക്കളുടേയും കീടനാശിനികളുടേയും അമിതോപയോഗം, മണ്ണൊലിപ്പ് തുടങ്ങിയ മനുഷ്യ പ്രക്രിയകളാൽ മേൽമണ്ണിലെ അയോഡിൻ, ഇരുമ്പ്, സിങ്ക് തുടങ്ങിയ ധാതുക്കൾ നഷ്ടപ്പെടുകയും തദ്വാര അവിടങ്ങളിൽ ഉത്പാദിപ്പിക്കപ്പെടുന്ന ഭക്ഷ്യവിളകളിൽ അയോഡിൻ തുടങ്ങിയ ധാതുക്കളുടെ അളവും അത് കഴിക്കുന്ന മനുഷ്യരിൽ അയോഡിന്റെ ലഭ്യതയും കുറഞ്ഞുവരികയും ചെയ്യുന്നുണ്ട്. ഇതിന് പരിഹാരമായി അധികവില നൽകാതെ കടൽവെള്ളം വെയിലത്ത് കുറുക്കി ഉണ്ടാക്കുന്ന ഉപ്പ് തുച്ഛവിലക്ക് ലഭ്യമാക്കുന്നുവെന്നതിനാലും, ആയുസ്സുമുഴുവൻ ആബാലവൃദ്ധം ജനങ്ങളും സാർവ്വത്രികമായി പ്രതിദിനം കുറഞ്ഞ അളവിൽ ഭക്ഷ്യമായി ഉപ്പ് ഉപയോഗിക്കുന്നുണ്ടെന്ന യാഥാർത്ഥ്യത്തിലുമാണ് ഉപ്പിൽ 'അയോഡിൻ' ചേർത്തു നൽകുന്നത് പ്രശ്നത്തിന് പരിഹാരമായി ശാസ്ത്രം രേഖപ്പെടുത്തിയത്. അയോഡിൻ വാഹകരായി ഉപ്പിനെ ഉപയോഗിക്കാമെന്ന സത്യം അറിഞ്ഞതുമുതൽ ധനലാഭത്തിന്റെ (ലവണാസുര) അസുരകണ്ണുകൾ ഉപ്പിൽ പതിയുകയും, ഉപ്പിന്റെ വ്യവസായങ്ങളും വ്യാപാരങ്ങളും പെരുകുകയും അവർ അയോഡിൻ അഭാവ രോഗത്തിനെ ച്ചൊല്ലി മുതല കണ്ണീരൊഴുക്കുകയും ചെയ്തു. ഉപ്പിന്റെ വില നിയന്ത്രണം അവരുടെ അജണ്ടയിൽ ഒരിക്കലും പ്രത്യക്ഷപ്പെട്ടില്ല.

ഭാരത സർക്കാർ അയോഡിൻ അഭാവ രോഗ നിയന്ത്രണത്തിന്റെ ഭാഗമായി കറിയുപ്പിന്റെ നിർമ്മാണവും, വ്യാപാര വിതരണവും ഭക്ഷണത്തിൽ മായം ചേർക്കൽ നിയമം (Prevention of food Adulteration

Act 1950) ന്റെ പരിധിയിൽ കൊണ്ടുവരികയും ഉപ്പിലുണ്ടായിരിക്കേണ്ട അയോഡിന്റെ അളവ് നിയമ പരിധിയിൽ ക്ലിപ്തപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മുതിർന്ന ഒരാൾക്ക് പ്രതിദിനം ശരാശരി 150 മൈക്രോ ഗ്രാം.(Micro gram) അയോഡിൻ ആവശ്യമുണ്ട്. ഉഷ്ണമേഖല രാജ്യത്തുള്ള ഇന്ത്യക്കാർ പ്രതിദിനം 10 ഗ്രാം കറിയുപ്പ് ഉപയോഗിക്കുന്നുണ്ട്. അതിനാൽ ഭക്ഷ്യ നിയമപ്രകാരം ഉപഭോക്താവിന് ലഭ്യമാകേണ്ട ഉപ്പിലെ അയോഡിന്റെ അളവ് 15 ppm (15 മൈക്രോ ഗ്രാം/ 1ഗ്രാം ഉപ്പ്) എന്ന് ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അയോഡിൻ എളുപ്പം ബാഷ്പീകരിക്കപ്പെടുന്നതിനാലും, കാറ്റിലും വെളിച്ചത്തും, ചൂടിലും നഷടപ്പെടുന്നതിനാലും നിർമ്മാണ പ്രക്രിയയിൽ അയോഡിന്റെ അളവ് 30 ppm ( 1 ഗ്രാം ഉപ്പിൽ 30 മൈക്രോ ഗ്രാം അയോഡിൻ) ചേർത്തിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. അയോഡിൻ നഷ്ടപ്പെടാതിരിക്കാൻ കറിയുപ്പ് വായുവും ഈർപ്പവും കടക്കാത്ത പായ്ക്കറ്റുകളിൽ മാർക്കറ്റുചെയ്യണമെന്നും ചരക്ക് കടത്തിൽ കാലതാമസം ഒഴിവാക്കാൻ റെയിൽവെയിൽ പട്ടാളസാമഗ്രികൾക്കൊപ്പം മുൻഗണനയും കൊടുത്തിണ്ടുണ്ട്. 2006 മെയ് 17 മുതൽ കേന്ദ്ര സർക്കാർ അയോഡിൻ ചേർക്കാത്ത കറിയുപ്പിന്റെ നിർമ്മാണവും, വ്യാപാരവും വീണ്ടും നിരോധിച്ചിരിക്കുകയാണ്.

രാജ്യത്താകമാനം അയോഡിൻ അഭാവം മൂലമുള്ള രോഗങ്ങൾ നിയന്ത്രിക്കാനുള്ള പരിപാടികൾ തയ്യറാക്കുന്ന കേന്ദ്ര ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള "നാഷണൽ അയോഡിൻ അഭാവ രോഗനിയന്ത്രണ പ്രോഗ്രാം കമ്മിറ്റി" 2006 ഒക്ടോബറിൽ കേന്ദ്ര സർക്കാരിന് ചില ശുപാർശകൾ നൽകിയത് ജാഗ്രിതിയുടെ 2006 ഡിസംബർ ലക്കത്തിൽ കണ്ടു. കമ്മറ്റിയിലെ വിദഗ്ധ അംഗങ്ങൾക്കും അയോഡിൻ അഭാവത്തിന്റെ ഫലമായി ഉണ്ടാകുന്ന "മന്ദബുദ്ധി" രോഗം ഉണ്ടായോ എന്ന് സംശയിക്കുന്ന വിധത്തിലാണ് അത്. നിർദ്ദേശങ്ങൾ ഇവയാണ് -

1. മായം ചേർക്കൽ നിയമപ്രകാരം കറിയുപ്പുമായി ബന്ധപ്പെട്ട സകല ജാമ്യമില്ലാത്ത, വാറണ്ടുകളും, ജയിൽ ശിക്ഷകളും പൂർണ്ണമായി ഒഴിവാക്കണം.
2. കറിയുപ്പിൽ അയോഡൈസേഷന് വേണ്ടി ചേർക്കുന്ന പൊട്ടാസ്യം അയോഡേറ്റിന്റെ ശുദ്ധി (food grade) ഇപ്പോൾ നിഷ്കർഷിച്ചിട്ടുള്ള 99.8 % ൽ നിന്നും 99 % ആയി കുറക്കണം.
3. ഉദ്പാദന സമയത്ത് നിഷ്കർഷിച്ചിട്ടുള്ള അയോഡിന്റെ അളവ് ഇപ്പോഴുള്ള 30 ppm ൽനിന്ന് 20 ppm ആയി കുറച്ച് പുനർ നിർണ്ണയം ചെയ്യുക.
4. അല്ലെങ്കിൽ ഉല്പാദന അയോഡിന്റെ അളവ് നിജപ്പെടുത്താതെ ഉപയോഗസമയത്ത് (പാചകത്തിന്) 15 ppm അയോഡിൻ മതി എന്ന് പുനർനിർണ്ണയം ചെയ്യുക.

കറിയുപ്പിന്റെ ഉപഭോക്താക്കൾ ഇന്ത്യയിലെ ഭൂരിപക്ഷം നിരക്ഷരരായ അടുക്കളക്കാരികളാണ്. തങ്ങൾ ഉപയോഗിക്കുന്ന ഉപ്പിലെ അയോഡിന്റെ അളവ് നിർണ്ണയിക്കാൻ അവർ ആവശ്യപ്പെടുകയോ, നിർണ്ണയിക്കാനുള്ള സാങ്കേതിക വിദ്യയോ അവർക്ക് വശമില്ല.(വിറക് കൊള്ളിമാത്രം) ഇപ്പോൾതന്നെ അപൂർവ്വമായി ഉപ്പ് നിർമ്മാണ സ്ഥലത്തുചെന്ന് ഉപ്പിന്റെ രാസ പരിശോധന ചെയ്യാൻ മടികാണിക്കുന്ന നിയുക്ത ഉദ്യോഗസ്ഥർ ഒരിക്കലും അടുക്കള വാതിലുകൾ കടന്ന് ഉപ്പ് പരിശോധിക്കാൻ എത്തുകയില്ല എന്ന് വിദഗ്ധർക്ക് ഉറപ്പുമുണ്ട്. ഇന്ത്യയിലെ അയോഡിൻ അഭാവ നിയന്ത്രണ കമ്മിറ്റിയിലെ ആരോഗ്യ വിദഗ്ദ്ധർക്ക് പോഷക ദാരിദ്ര്യമനുഭവിക്കുന്ന സാധാരണക്കാരോടാണോ, സമ്പന്നരായ ഉപ്പ് വ്യവസായികളോടാണോ താല്പര്യം?

"സാധാരണ കറിയുപ്പ് നിരോധന പരിപാടികൾ" സംശയത്തോടെ കണ്ട രാജ്യത്തെ ആരോഗ്യ-സാമൂഹ്യ പ്രവർത്തകരുടെ സംശങ്ങൾക്ക് "സത്യത്തിന്റെ ഉപ്പുരസമുണ്ടെന്ന കയ്പ്" നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.

"ഉപ്പോളമാവുമോ-ഉപ്പിലിട്ടത്?" അതിലധികവുമാവാം. ❑

# മായാവതി – വ്യത്യസ്തയായ ഒരു മുഖ്യമന്ത്രി

**- സ്മിത ഗുപ്ത -**

**ബ**ഹുജൻ സമാജ് പാർട്ടി നേതാവും യു.പി. യിലെ പുതിയ മുഖ്യമന്ത്രിയുമായ മായാവതി തന്റെ മന്ത്രിസഭയുടെ സത്യപ്രതിജ്ഞക്കായി അംബേദ്കർ പാർക്ക് തിരഞ്ഞെടുക്കുമെന്നാണ് പൊതുവെ കരുതപ്പെട്ടിരുന്നത്. എന്നാൽ എല്ലാവരേയും അത്ഭുതപ്പെടുത്തിക്കൊണ്ട് അവർ രാജ്ഭവനിൽ സത്യപ്രതിജ്ഞ നടത്തി. കാരണം വ്യക്തം. ഇനി ശക്തി പ്രകടനത്തിന്റെ ആവശ്യമില്ല. തിരഞ്ഞെടുപ്പു ഗോദയിൽ മായാവതി തന്റെ ശക്തി തെളിയിച്ചു കഴിഞ്ഞു.



മായാവതി

തിരഞ്ഞെടുപ്പിൽ ജയിക്കുക എളുപ്പമാണ്; എന്നാൽ ഭരിക്കുക എന്നത് വിഷമം പിടിച്ച ഏർപ്പാടാണ്; പ്രത്യേകിച്ചും പാടെ തകർന്നുകിടക്കുന്ന ഭരണസംവിധാനത്തോടുകൂടിയ യു.പി . യിൽ. ലഖ്നൗവിലെ സെക്രട്ടറിയേറ്റിലെ അഞ്ചാം നിലയായ "പഞ്ചമതല" ത്തിലാണ് മുഖ്യമന്ത്രിയുടെ ഓഫീസ്. അനാവശ്യമായി ആരെങ്കിലും അവിടെ കയറിചെല്ലുന്നത് അവർക്കിഷ്ടമല്ല.

രാത്രി വെറും മൂന്നുമണിക്കൂർ മാത്രം ഉറങ്ങുന്ന ആളാണ് മായാവതി. പുലർച്ചക്ക് രണ്ടുമണിവരെ അവർ ഉദ്യോഗസ്ഥരുമായി വീട്ടിൽവച്ചു ചർച്ച നടത്തും. എന്നാലും രാവിലെ ആറുമണിക്ക് ഭരണകാര്യങ്ങളിൽ പ്രവേശിക്കും. തിരഞ്ഞെടുപ്പു ഫലം വന്ന് ആദ്യത്തെ ചില ദിവസങ്ങളിലെ അവരുടെ പ്രവർത്തനങ്ങൾ കരുത്തിൽനിന്നും അനുഭവ സമ്പത്തിൽനിന്നും ഉളവാക്കുന്ന ആത്മവിശ്വാസത്തെ പ്രകടിപ്പിക്കുന്നു. ശങ്കിച്ചു നിൽക്കാതെ കയ്യോടെ മന്ത്രിസഭ രൂപീകരിച്ചു. നിയമപ്രകാരം അനുവദനീയമായ 60 പേരിൽ 50 പേരേയും ആദ്യഘട്ടത്തിൽ തന്നെ നിയമിച്ചു; സ്വന്തം സെക്രട്ടേറിയറ്റിലേക്കുള്ളവരെ തിരഞ്ഞെടുത്തു. നൂറുകണക്കിന്ന് ഐ. എ. എസ്. ഉദ്യോഗസ്ഥരെ സ്ഥലം മാറ്റി; രണ്ടുപേരെ സസ്പെൻഡ് ചെയ്തു.

മായാവതിയുടെ മന്ത്രിമാരിൽ ചിലർ കേസിൽപെട്ടവരാണ്; ഭരണപരിചയമുള്ളവരാകട്ടെ കുറവുമാണ്. അതുപോലെ മിടുക്കന്മാരെന്നു പറയാവുന്നവരും കുറവാണ്. എന്നാൽ ബി.എസ്. പി. യുടെ പുതിയ മുദ്രാവാക്യമായ "സർവ്വജനസമാജ്" എന്ന ആശയം മന്ത്രിസഭാരൂപീകരണത്തിൽ തിളങ്ങിനിൽക്കുന്നതുകാണാം- മേൽജാതിക്കാർ, പിന്നോക്കസമുദായക്കാർ, ദളിതർ, മുസ്ലീമുകൾ എന്നിവരെല്ലാം മന്ത്രിസഭയിലുണ്ട്.

ഒന്നാമത്തെ മന്ത്രിസഭായോഗത്തിൽ വച്ചുതന്നെ മായാവതി മന്ത്രിമാർക്ക് മുന്നറിയിപ്പു നൽകി – തിരുമാലിത്തരം കാണിച്ചാൽ കയ്യോടെ പിടിച്ചു പുറത്താക്കും. "സ്ഥലംമാറ്റ വ്യവസായ"ത്തിന്ന് അറുതി വരുത്തുന്നതായിരുന്നു ഒന്നാമത്തെ മന്ത്രിസഭാതീരുമാനം. കനത്ത തുക കൈക്കോഴവാങ്ങിക്കൊണ്ട് ഉദ്യോഗസ്ഥൻമാരെ അവർക്കിഷ്ടപ്പെട്ട സ്ഥലത്തേക്ക് സ്ഥലംമാറ്റുന്നത് യു.പി. യിൽ ഒരു ബിഗ് ബിസിനസ്സാണ്. ഇതിന്നുപകരം എല്ലാ നിയമനവും സ്ഥലംമാറ്റവും ഒരു സെലക്ഷൻ ബോർഡിന്നു വിടാനാണ് മന്ത്രിസഭയുടെ തീരുമാനം.

മായാവതിയുടെ അടുത്ത സഹചാരികളിൽ പലരും മന്ത്രിസഭയിലുണ്ടെങ്കിലും, അതിൽ ഒന്നാം സ്ഥാനം സതീഷ്ചന്ദ്രമിശ്രക്കാണ്. ബി.എസ്.പി. യെ വിജയത്തിലെത്തിച്ച ബ്രാഹ്മണ-ബഹുജന കൂട്ടുകെട്ടിന്റെ ശില്പി ഇദ്ദേഹമാണ്. യു.പി. യിലെ മുൻ അഡ്വക്കറ്റ് ജനറൽ കൂടിയായ മിശ്ര ഡെപ്യൂട്ടി മുഖ്യമന്ത്രിയാകുമെന്നൊരു ശ്രുതിയുണ്ട്.

അതുപോലെ, ഉദ്യോഗസ്ഥരെ അത്ഭുതപ്പെടുത്തുന്ന വിധത്തിലാണ് മായാവതി തന്റെ സെക്രട്ടറിമാരെ തിരഞ്ഞെടുത്തിരിക്കുന്നത്. കാരണം, തിരഞ്ഞെടുക്കപ്പെട്ടവരിൽ മിക്കവരും അർഹതയുടെ അടിസ്ഥാനത്തിൽമാത്രം തിരഞ്ഞെടുക്കപ്പെട്ടവരാണ്.

യു.പി.യിൽ ഇതാദ്യമായി ഒരു ക്യാബിനറ്റ് സെക്രട്ടറിയുണ്ടായിരിക്കുന്നു. മായാവതിക്കു വേണ്ടപ്പെട്ട ഒരാളായ ശശാങ്ക ശേഖരസിങ്ങിനെയാണ് ആ തസ്തികയിൽ നിയമിച്ചിരിക്കുന്നത്. (സാധാരണയായി ചീഫ് സെക്രട്ടറിതന്നെയായിരിക്കും കാബിനറ്റ് സെക്രട്ടറിയും) ശശാങ്കശേഖർ പണ്ടൊരു പട്ടാളക്കാരനായിരുന്നു. 1980 കളിൽ വി.പി. സിങ് യു.പി. യിലെ മുഖ്യമന്ത്രിയായപ്പോൾ, വി.പി.സിങ്ങിന്റെ പൈലട്ടായി ശശാങ്കൻ നിയമിതനായി. ശശാങ്കന്റെ കഴിവു ബോധ്യം വന്ന വി.പി. സിങ്ങാണ് അദ്ദേഹത്തെ ഗവർമ്മേണ്ട് സർവ്വീസിൽ എടുത്തത്. പിന്നീട് വന്ന മുഖ്യമന്ത്രിമാരെയെല്ലാം സേവിച്ചിട്ടുള്ള ആളാണിദ്ദേഹം. മായാവതി കഴിഞ്ഞതവണ അധികാരത്തിൽവന്നപ്പോൾ ശശാങ്കൻ വ്യവസായ വികസന കമ്മീഷണറായിരുന്നു. ചീഫ് സെക്രട്ടറിയുടെ തലക്കുമീതെ ശശാങ്കനെ നിയമിച്ചതിൽ ഐ.എ.എസ്. ഉദ്യോഗസ്ഥൻമാർക്ക് പ്രതിഷേധമുണ്ടെങ്കിലും ശശാങ്കശേഖറിന്റെ കാര്യക്ഷമതയിലോ പ്രാപ്തിയിലോ ആർക്കും തർക്കമില്ല.

മുഖ്യമന്ത്രിയുടെ സെക്രട്ടറിയറ്റിൽ നിയമിതരായിരിക്കുന്നവരിൽ മൂന്നുപേർ മുമ്പ് ഇൻഫർമേഷൻ ഡയറക്ടർമാരായിരുന്നു.

മായാവതി രാവിലെ അഞ്ചുമണിക്ക് എഴുനേൽക്കും; വ്യായാമത്തിന്നായി കുറച്ചുനേരം നടക്കും. അതുകഴിഞ്ഞാൽ ഔദ്യോഗിക കൃത്യങ്ങളിലേക്ക് പ്രവേശിക്കുകയായി. കുറെനേരം അവർ ഇരുന്നെഴുതും. ചിന്തകളെ സ്ഫുടം ചെയ്തെടുക്കുന്നതിന്നും ആശയങ്ങൾക്ക് വ്യക്തതയുളവാക്കുന്നതിന്നുമാണ് ഈ എഴുത്ത്. സ്വന്തം കയ്യക്ഷരത്തിൽ എഴുതിയ കുറിപ്പുകളുമായാണ് അവർ യോഗങ്ങൾക്കെത്തുക. മായാവതിയുടെ പ്രസംഗങ്ങൾ അവർതന്നെയാണ് എഴുതി തയ്യാറാക്കുന്നത്. ചികിത്സാപരമായ ഒരുവശംകൂടിയുണ്ട് മായാവതിയുടെ എഴുത്തിന്ന്. എഴുത്ത് അവർക്ക് വിശ്രമവും വിനോദവുമാണ്. മറ്റൊരു തരത്തിലുള്ള വിശ്രമവും അവർക്കില്ല. അവർ ഫിലിമുകൾ കാണുകയോ സംഗീതം ആസ്വദിക്കുകയോ പതിവില്ലെന്നാണ് പറയുന്നത്. ദളിത് നായകന്മാരെക്കുറിച്ചുള്ള കൃതി

Registered: KL/CR/TCR/347/2006-08
Reg. No.3551/93/L Dis Licensed to post without prepayment: KL/TCR/WPP-06/2006-08

കളാണ് അവർ വായിക്കാറുള്ളത്. കൊച്ചു വർത്തമാനം പറയുന്ന ഏർപ്പാട് അവർക്കില്ല.

അടുത്ത സുഹൃത്തുക്കളായി ആരും തന്നെ മായാവതിക്കില്ല. സ്വന്തം കുടുംബാംഗങ്ങളെപ്പോലും അവർ അടുക്കലേക്ക് അടുപ്പിക്കാറില്ല. ലഖ്നൗവിലെ വീടിന്റെ ഭരണം ഒരു ബന്ധുവാണ് നടത്തുന്നത്. ദൽഹിയിലെ വീട്ടുകാര്യങ്ങൾ നോക്കുന്നത് ജ്യേഷ്ഠനും ജ്യേഷ്ഠത്തിയമ്മയുമാണ്. ഇതൊക്കെ കാര്യമാത്ര പ്രസക്തമാണ്. ഔദ്യോഗിക കാര്യങ്ങളിൽ തലയിടാൻ ആരേയും അവർ അനുവദിക്കാറില്ല.

അനുഭവ സമ്പത്തുമൂലം മായാവതിക്ക് അല്പം ഇരുത്തം വന്നിട്ടുണ്ട്. ആദ്യത്തെതവണ മുഖ്യമന്ത്രിയായപ്പോൾ അവർക്ക് സ്വകാര്യമെന്നും പൊതുകാര്യമെന്നുമുള്ള വകഭേദമൊന്നും ഉണ്ടായിരുന്നില്ല. പുരുഷന്മാരായ പല നേതാക്കന്മാരും ചെയ്യാറുള്ളതുപോലെ മായാവതിയും ഉദ്യോഗസ്ഥൻമാരെ വിശ്രമമുറിയിൽ വിളിച്ചുവരുത്തി സംസാരിക്കാറുണ്ടായിരുന്നു. ഒരു സ്ത്രീ അങ്ങനെ ചെയ്യുന്നത് അനുചിതമാണെന്ന് ഒരിക്കൽ ചൂണ്ടിക്കാണിച്ചപ്പോൾ അവർ അന്ധാളിച്ചുപോയി. താനവരെ സഹോദരൻമാരെപ്പോലെയാണ് കാണുന്നതെന്നായിരുന്നു അവരുടെ നിഷ്കളങ്കമായ മറുപടി. പക്ഷെ പിന്നീടവർ അതു നിർത്തി. പലപ്പോഴും വളരെ നിഷ്കളങ്കമായാണവർ പെരുമാറുക. ചിലപ്പോൾ പരുക്കനായി തോന്നും. ഇപ്പോൾ കുറച്ച് പക്വത വന്നിട്ടുണ്ട്. പണ്ടത്തെപ്പോലെ രൂക്ഷമായി ഇപ്പോൾ പ്രതികരിക്കാറില്ല.

ഉദ്യോഗസ്ഥൻമാർ കൃത്യമായി നിഷ്ഠയോടെ പ്രവർത്തിക്കണമെന്ന് അവർ ശഠിക്കും. തന്റെ ഗവർമ്മേണ്ട് ഉത്തരവാദിത്വബോധമുള്ളതാകണമെന്നും കൃത്യനിഷ്ഠപാലിക്കണമെന്നും അവർ ആഗ്രഹിക്കുന്നു. കഴിഞ്ഞ തവണ മുഖ്യമന്ത്രിയായിരുന്നപ്പോൾ ഒരു സംഭവമുണ്ടായി. എവിടെയോ ഒരു സംഭവമുണ്ടായതായി ഉച്ചക്ക് ടെലിവിഷനിൽ പറഞ്ഞു. മായാവതി ഉടനെ അവിടത്തെ പോലീസ് സൂപ്രണ്ടിനെ വിളിച്ച് കാര്യം ആരാഞ്ഞു. അദ്ദേഹം വീട്ടിലാണെന്നാണ് അപ്പോൾ മനസ്സിലായത്. പിന്നെ താമസിച്ചില്ല; കയ്യോടെ സ്ഥലം മാറ്റി.

ലഖ്നൗവിലെ ഒരു വഴിയാത്രക്കാരന് ഭരണമാറ്റമുണ്ടായത് വ്യക്തമായി കാണാം. സമാജ്‌വാദി പാർട്ടിയുടെ കൊടിയെല്ലാം പറന്നുപോയി; സർവ്വത്ര ബി.എസ്.പി. കൊടി ഉയർന്നു. ലോഹ്യ പാർക്ക് അനാഥമായി; അംബേദ്കർ പാർക്ക് മോടിപിടിപ്പിക്കാൻ ഒരു പട്ടാളം തന്നെ ഇറങ്ങിയിട്ടുണ്ട്. മുലായം സിങ്ങ് യാദവ്, മകൻ അഖിലേഷ്, മുലായത്തിന്റെ ആത്മ സുഹൃത്തുക്കളായ അമർസിങ്ങ്, അമിതാഭ് ബച്ചൻ എന്നിവരുടെ കട്ടൗട്ടുകൾ നീക്കം ചെയ്യപ്പെട്ടു. പകരം മായാവതി, ശ്രീനാരായണ ഗുരു, പെരിയോർ, ജ്യോതിബാഫുലേ, ഷാഹുജി മഹാരാജ്, അംബേദ്കർ, കൻഷിറാം എന്നിവരുടെ കട്ടൗട്ടുകൾ ഉയർന്നുവന്നു.

രാഷ്ട്രീയ പകപോക്കലുണ്ടാവില്ലെന്ന് മായാവതി പ്രഖ്യാപിച്ചിട്ടുണ്ട്. പക്ഷെ ജാതിയുടേയോ മതത്തിന്റെയോ പേരിൽ അല്ലെങ്കിൽ കയ്യൂക്കുകാട്ടാനായി അതിക്രമങ്ങൾക്കുമുതിർന്നാൽ അടിച്ചമർത്തുമെന്ന് അവർ താക്കീത് നൽകുന്നു. ഇതൊക്കെ പ്രയോഗത്തിൽ എങ്ങനെയായിരിക്കുമെന്ന് കണ്ടറിയണം. ❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ**: വാർഷികം – 50 ക., ആയുഷ്കാലം – 1000 ക.